# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാറഡുക്ക ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123

ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ : 04994-256690

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 7/768/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കാസറഗോഡ്-671123
തീയ്യതി: 01/11/2024
ഇ-മെയിൽ: doksd.ksad@kerala.gov.in
ഫോൺ: 04994-256690

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാറഡുക്ക ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കാസർഗോഡ്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/കെ.എസ്.ഡി 7/768/2024 തീയ്യതി: 01/11/2024

## കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കാസർഗോഡ് ജില്ലയിലെ കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 13-08-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.മണിലാൽ.വി | ഡെപ്യൂട്ടി ഡയറക്ടർ | 05-08-2024 | 13-08-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-08-2024 | 13-08-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

വിനോദ് കുമാർ വി, ഓഡിറ്റ് ഓഫീസർ

തോമസ് കെ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

എം.ബാബു, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

കുഞ്ഞികൃഷ്ണൻ കെ.സി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

അരുൺ ദേവ് വി.ആർ,, സീനിയർ ഗ്രേഡ് ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ഗോപാലകൃഷ്ണ കെ | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ശ്രീമതി.പ്രേമലത കെ | സെക്രട്ടറി | 01-04-2023 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിജയേഷ് പി പിള്ള | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 19-12-2023 |
| ശ്രീ.ഗിരീഷ് കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 20-12-2023 | 25-12-2023 |
| ശ്രീ.ബിനു ഐ | അസിസ്റ്റന്റ് സെക്രട്ടറി (ഇൻ ചാർജ്ജ്) | 26-12-2023 | 08-02-2024 |
| ശ്രീ.ഗിരീഷ് കുമാർ എസ് | അസിസ്റ്റന്റ് സെക്രട്ടറി | 09-02-2024 | 31-03-2024 |
| ശ്രീമതി.ശ്രുതി എസ് | അസിസ്റ്റന്റ് എഞ്ചിനിയർ ( LID&EW) | 01-04-2023 | 31-03-2024 |
| ശ്രീ.വിനീത് പി.വി | കൃഷി ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ.ശ്രീവീൻ ഇ.എൻ | വെറ്റിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ശ്രീമതി.ഷംമ്ന വി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ശ്രീമതി.സീനിയ പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാറഡുക്ക സർക്കിൾ സർക്കിൾ | 01-04-2023 | 11-09-2023 |
| ശ്രീമതി.പ്രവീണ കെ.വി | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, കാറഡുക്ക സർക്കിൾ സർക്കിൾ | 12-09-2023 | 31-03-2024 |
| ശ്രീമതി.സീനിയ പി.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആദൂർ സർക്കിൾ സർക്കിൾ | 01-04-2023 | 11-09-2023 |
| ശ്രീമതി.ആര്യ കൃഷ്ണൻ എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ആദൂർ സർക്കിൾ സർക്കിൾ | 12-09-2023 | 31-03-2024 |
| Vacant | പ്രധാനധ്യാപകൻ | 01-04-2023 | 28-07-2023 |
| ശ്രീ.മനോജ്.വി.വി | പ്രധാനധ്യാപകൻ | 29-07-2023 | 31-03-2024 |
| ഡോ.ഹസ്ന വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 01-04-2023 | 17-04-2023 |
| ഡോ.മഹേഷ് പി.എസ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 18-04-2023 | 19-03-2024 |
| ഡോ.സാലിം എൻ.വി | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 20-03-2024 | 20-03-2024 |
| ഡോ.ഷാഹിദ് എം | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 21-03-2024 | 31-03-2024 |
| ഡോ.ബബി നാരായണ നന്ദൻ | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി | 01-04-2023 | 21-06-2023 |
| ഡോ.റോജൻ ജോസഫ് | മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 22-06-2023 | 31-03-2024 |
| ഡോ.രേഖ എസ്.കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2023 | 31-03-2024 |
| ശ്രീമതി.ചന്ദന ദിനകരൻ | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |

| | | | |
|---|---|---|---|
| ശ്രീമതി.വിനീത കുമാരി.വി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2023 | 31-03-2024 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല | 1-1-3 |
| 5 | സജീവമല്ലാത്ത അക്കൗണ്ടിന്റെ വിശദാംശം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-1-4 |
| 6 | ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല | 1-1-6 |
| 8 | നാളിതുവരേയും അക്കൗണ്ടിൽ ക്രഡിറ്റാകാത്ത തുകകളുടെ വിശദാംശം ലഭ്യമല്ല | 1-1-7 |
| 9 | മൂന്ന് മാസത്തിലധികമായിട്ടുള്ള തുകകൾ ബാങ്കിൽ വരവ് വയ്ക്കാത്തതിനുള്ള കാരണം, തുകയുടെ വിശദാംശം എന്നിവ ലഭ്യമല്ല | 1-1-8 |
| 10 | ഗുണഭോക്തൃ വിഹിതമിനത്തിൽ മറ്റ് വരവ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-9 |
| 11 | ഗുണഭോക്തൃ വിഹിതമിനത്തിലെ നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-10 |
| 12 | സെക്വർഡ് ലോൺ വരവ് ,ചെലവ്, നീക്കിയിരിപ്പ് ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. | 1-1-11 |
| 13 | അഡ്വാൻസ്,ഡെപ്പോസിറ്റ് ഇനത്തിലെ നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല | 1-1-12 |
| 14 | ലൈബിലിറ്റി ഇൻ സ്റ്റെയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമല്ല. | 1-1-13 |
| 15 | സെക്വർഡ് ലോൺ ഇനത്തിലെ തുക പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസുമായി പൊരുത്തപ്പെടുന്നില്ല. | 1-1-14 |
| 16 | കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺടൈഡ് എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് ധനകാര്യപത്രികയിൽ പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | ഉപയോഗിക്കാതെ നിലനിൽക്കുന്ന അക്കൗണ്ടിലെ തുക ബാങ്ക് പിൻവലിച്ചത് തിരികെ ലഭ്യമാക്കിയിട്ടില്ല | 1-1-16 |
| 18 | ലിറ്ററസി സ്കീം ഗ്രാന്റ് നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല | 1-1-17 |
| 19 | മറ്റ് ഡെപ്പോസിറ്റ് ഇനത്തിലെ വരവ് - വിശദാംശം ലഭ്യമല്ല | 1-1-18 |
| 20 | മെയിന്റനൻസ് ഫണ്ടിൽ ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള വരവ് എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-1-19 |
| 21 | ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് രേഖപ്പെടുത്തിയിരിക്കുന്നു. | 1-1-20 |
| 22 | മറ്റ് ബാധ്യതകളിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല | 1-1-21 |
| 23 | ധനകാര്യപത്രിക പരിശോധന - മറ്റ് അപാകതകൾ | 1-1-22 |
| 24 | ബജറ്റ് | 1-2 |
| 25 | സാമ്പത്തിക വിശകലനം | 1-3 |
| 26 | ഗ്രാന്റ് വിനിയോഗം | 1-4 |
| 27 | പദ്ധതി അവലോകനം | 1-5 |
| 28 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 29 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം | 1-7 |
| 30 | ക്യാഷ് ബാലൻസ് | 1-8 |
| 31 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 32 | ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്. | 1-10 |
| 33 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല | 1-11 |
| 34 | ലേലം - തുടർനടപടി സ്വീകരിക്കുന്നില്ല. | 1-12 |

| | | |
|---|---|---|
| 35 | തൊഴിൽ നികുതി ഈടാക്കിയില്ല | 1-13 |
| 36 | സ്രോതസ്സിൽ നിന്നും കിഴിവ് വരുത്തിയ നികുതിയിനങ്ങൾ– ധനകാര്യക്കമ്മീഷൻ ഗ്രാന്റിന് പകരം തനത് ഫണ്ടിൽ നിന്നും അടവാക്കി | 1-14 |
| 37 | ബഡ്സ് സ്കൂളിലേയ്ക്ക് പുതിയ വാഹനം വാങ്ങൽ - നിലവിലുള്ള വാഹനം കയ്യൊഴിയാൻ നടപടി സ്വീകരിച്ചില്ല | 1-15 |
| 38 | വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ്.ടി) - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 1-16 |
| 39 | വീട് വാസയോഗ്യമാക്കൽ പദ്ധതി -അതിദരിദ്രർ (ജനറൽ) -പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. | 1-17 |
| 40 | വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ്.സി) - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ്.സി) - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്. | 1-18 |
| 41 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ– മരുന്ന് ലഭ്യമായില്ല. | 1-19 |
| 42 | എച്ച്.എം.സി വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല | 1-20 |
| 43 | മുള്ളേരിയ ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങൽ പദ്ധതി- പ്രിന്റർ ലഭ്യമായില്ല. | 1-21 |
| 44 | തെങ്ങിൻ തൈ വിതരണം പദ്ധതി (SC/ST)-രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. | 1-22 |
| 45 | നെൽകൃഷി വികസനം പദ്ധതി- രേഖകൾ ഹാജരാക്കിയില്ല. | 1-23 |
| 46 | കാർഷിക മേഖലയിലെ പദ്ധതികളുടെ നിർവഹണം- പൊതു നിർദേശങ്ങൾ. | 1-24 |
| 47 | തൊഴിലുറപ്പ് പദ്ധതി- സാധന സാമഗ്രികൾ സമാഹരിച്ചതിൽ മാർഗനിർദേശങ്ങൾ പാലിച്ചില്ല. | 1-25 |
| 48 | തൊഴിലുറപ്പ് പദ്ധതി- ജലസേചന കനാലുകൾക്ക് കയർ ഭൂവസ്ത്രം വിരിക്കൽ - അധികച്ചെലവും മറ്റ് അപാകതകളും | 1-26 |
| 49 | തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ– മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി | 1-27 |
| 50 | തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും നികുതികൾ കുറവു ചെയ്യുന്നില്ല. | 1-28 |
| 51 | റോഡ് മെയിന്റനൻസ് ഫണ്ട് തൻവർഷം ചെലവഴിക്കാത്തത് സംബന്ധിച്ച്. | 1-29 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | തൊഴിലുറപ്പ് പദ്ധതി -ജലസേചന കനാലുകൾക്ക് കയർ ഭൂവസ്ത്രം വിരിക്കൽ - അധികച്ചെലവ് | 3-1 |
| ഭാഗം **4** | | |
| 1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കുവാൻ അവശേഷിക്കുന്നത്. | 4-3 |
| 4 | വായ്പാ/വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |

| | |
|---|---|
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് |
| 4 | രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് |
| 5 | ബാലൻസ് ഷീറ്റ് |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 22.07.2024 ലെ 3 -ാം നമ്പർ തീരുമാന പ്രകാരം തയ്യാറാക്കി 23.07.2024 -ാം തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാറഡുക്ക ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2024 ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2024-ാം തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II) C & AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C & AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൽഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭാപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

#### വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാറഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കാസറഗോഡ്

01.11.2024

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും ഉൾപ്പെടുത്തിയിട്ടില്ല

A) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (ഇ) പ്രകാരം പ്രധാന അക്കൗണ്ടിംഗ്

നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ, തുടങ്ങിയവ ഉൾപ്പെടുന്ന അക്കൗണ്ടുകളിൻമേലുള്ള കുറിപ്പുകൾ തയ്യാറാക്കി ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

B) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിലെ "Net Increase In Cash And Cash Equivalance" ആയി രേഖപ്പെടുത്തിയ തുകയും (-20,00,583/-) ഇതേ പത്രികയിൽ "Net Cash Generated By Operating+ Investing+Financing Activity" (A+B+C) ആയി രേഖപ്പെടുത്തിയിട്ടുള്ള തുകയും (-17,25,806/-) തുല്യമല്ല. ആയതിനാൽ ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തിയിട്ടില്ല

26.07.2011-ലെ ജി.ഒ(എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി.ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സുസ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ചർ ആസ്തി, തദ്ദേശ സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പഞ്ചായത്തിൽ നിലവിലില്ല. ആയതിനാൽ വിവിധ മേഖല ഷെഡ്യൂളുകളിൽ 31/03/2024 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തികളുടെ വിവരത്തിന്റെയും മൂല്യത്തിന്റെയും ആധികാരികതയും കൃത്യതയും വ്യക്തമല്ല. ILGMS-ൽ ആസ്തി മൊഡ്യൂൾ തയ്യാറാക്കിയ ശേഷം കൃത്യമായി ആസ്തികളുടെ വിവരവും മൂല്യവും അക്കൗണ്ട് ചെയ്യേണ്ടതാണ്.

### 1-1-4 സജീവമല്ലാത്ത അക്കൗണ്ടിന്റെ വിശദാംശം ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

ജലനിധി പദ്ധതിയുടെ പേരിലുള്ള 42142200054341 നമ്പർ അക്കൗണ്ട് "ക്ലെയിം ചെയ്യാത്ത ഡെപ്പോസിറ്റ് " എന്ന ഗണത്തിൽ നിലനിൽക്കുന്നതിനാൽ ആർ.ബി.ഐ മാർഗ്ഗരേഖ പ്രകാരം DEAF (Depositors Education Awareness Fund) ലേക്ക് ട്രാൻസ്ഫർ ചെയ്യുന്നതാണെന്നും ഇത് ഒഴിവാക്കുന്നതിലേക്ക് ബാങ്ക് പാസ്സ്ബുക്കും മറ്റ് അനുബന്ധ രേഖകളുമായി ബ്രാഞ്ചിൽ ബന്ധപ്പെടണമെന്നും കാനറബാങ്കിന്റെ 06/11/2023 ലെ 14214/DEAF-/2023 നമ്പർ കത്ത് പ്രകാരം അറിയിച്ചിരുന്നു. എന്നാൽ ഈ അക്കൗണ്ട് ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല. മേൽ അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31/03/2024 വരെ 5,79,591/- രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ഈ തുക ധനകാര്യപത്രിക ബാലൻസ്ഷീറ്റിലും, ആർ.പി 40(b) യിലും ഉൾപ്പെട്ടിട്ടില്ല.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മേൽ അക്കൗണ്ടിൽ ഉണ്ടായിരുന്ന തുക തിരികെ ലഭ്യമാക്കുന്നതിന് കാനറ ബാങ്കിൽ അപേക്ഷ നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.4/6.08.2024.

### 1-1-5 ദുരിതാശ്വാസ നിധി നീക്കിയിരിപ്പ് ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല

ദുരിതാശ്വാസ നിധിയിൽ ചുവടെ പറയും പ്രകാരം 16,219/- രൂപയാണ് നീക്കിയിരിപ്പായി ബി-2 ഷെഡ്യൂളിൽ "311100101" എന്ന ഹെഡിൽ രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ബി-17 ഷെഡ്യൂളിൽ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിൽ (നം 40596101088467) നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത് 13,915/- രൂപ മാത്രമാണ്.

| മുന്നിരിപ്പ് | തൻ വർഷ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|

| | | | |
|---|---|---|---|
| 7,675 | 6,300 | 60 | 13,915 |

മേൽ പ്രകാരം ദുരിതാശ്വാസ നിധി നീക്കിയിരിപ്പിൽ 2,304/- ( 16,219 - 13,915) രൂപയുടെ വ്യത്യാസം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മുൻവർഷത്തെ റിപ്പോർട്ട് പ്രകാരം 3,100 രൂപയുടെ വ്യത്യാസം ദുരിതാശ്വാസ നിധിയിൽ ഉണ്ടായിരുന്നെന്നും, 2023-24 വർഷത്തെ വസ്തുനികുതി 796/- രൂപ തെറ്റായി വരവ് വച്ചിരുന്നത് കഴിച്ച് 2,304 രൂപ (ചെക്ക് നമ്പർ 029645, 05/08/2024) ദുരിതാശ്വാസ നിധിയിലേക്ക് മാറ്റി അക്കൗണ്ടിലെ വ്യത്യാസം ക്രമീകരിച്ചിട്ടുണ്ട് എന്നുമാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ 13/08/2024 വരെയുള്ള ബാങ്ക് ബുക്ക് പരിശോധിച്ചതിൽ ഈ തുക രേഖപ്പെടുത്തിയിട്ടില്ല.
വരും വർഷത്തെ ധനകാര്യപത്രികയിൽ മേൽ അപാകത ക്രമീകരിച്ച് വിശദാംശം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം.5/6.08.2024.

## 1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രി രേഖപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റ്മെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. എന്നാൽ താഴെ പറയുന്ന അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി പ്രതിമാസം തയ്യാറാക്കിയിട്ടില്ല.

| ഹെഡ് കോഡ് | ഇനം | ഡിമാന്റ് രേഖപ്പെടുത്തിയ വൗച്ചർ നം./ തീയതി |
|---|---|---|
| 110100101 | വസ്തു നികുതി - പാർപ്പിടം | 42301276, 31-03-2024 |
| 110100102 | വസ്തു നികുതി - നോൺ റസിഡൻഷ്യൽ | 42301277, 31-03-2024 |
| 110200101 | തൊഴിൽ നികുതി - സ്ഥാപനം | 42301283, 31-03-2024 |
| 110200105 | തൊഴിൽ നികുതി - ട്രേഡ്സ് | 42301297, 31-03-2024 |
| 130100101 | ബിൽഡിംഗ് വാടക | 42301299, 31-03-2024 |

മേൽ വിഷയത്തിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, നിർദ്ദേശം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി നം.6/6.08.2024.

## 1-1-7 നാളിതുവരേയും അക്കൗണ്ടിൽ ക്രഡിറ്റാകാത്ത തുകകളുടെ വിശദാംശം ലഭ്യമല്ല

സബ്ബ് ട്രഷറി അക്കൗണ്ടിന്റെ (അക്കൗണ്ട് നം 720021400000021 ) മാർച്ച് 2024 ലെ റീക്കൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | ഇൻട്രുമെന്റ് നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1 | 11603500007 | 23-09-2016 | 7351985 / 23-09-2016 | 20,000 |
| 2 | 31600196 | 25-10-2016 | 116035/ 07-09-2016 | 1,850 |
| ആകെ തുക | | | | 21,850 |

മുൻ വർഷവും ഇതേ തുക നിലനിൽക്കുന്നുണ്ടായിരുന്നു.

തുക നാളിതുവരേയും ക്രഡിറ്റ് വരാത്തതിനുള്ള കാരണം, തുകകളുടെ വിശദാംശം, തുടർനടപടി വിവരം എന്നിവ വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തുക ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 8/7.08.2024.

**1-1-8 മൂന്ന് മാസത്തിലധികമായിട്ടുള്ള തുകകൾ ബാങ്കിൽ വരവ് വയ്ക്കാത്തതിനുള്ള കാരണം, തുകയുടെ വിശദാംശം എന്നിവ ലഭ്യമല്ല**

2023-24 സാമ്പത്തിക വർഷത്തെ എസ്.ബി.ഐ അക്കൗണ്ടിന്റെ (അക്കൗണ്ട് നം.37282056638) റീക്കൻസിലിയേഷൻ പത്രിക പ്രകാരം ചുവടെ പറയുന്ന (മൂന്ന് മാസത്തിലധികമായിട്ടുള്ള) തുകകൾ ബാങ്ക് ബുക്കിൽ വരവായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ബാങ്കിൽ ക്രഡിറ്റ് വന്നിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 1230000253 | 11-08-2023 | 62 |
| 2 | 1230000254 | 11-08-2023 | 5 |
| 3 | 1230000255 | 11-08-2023 | 12 |
| 4 | 1230000250 | 10-08-2023 | 5 |
| 5 | 1230000251 | 10-08-2023 | 220 |
| 6 | 1230000252 | 11-08-2023 | 120 |
| ആകെ തുക | | | 424 |

മേൽ തുകകൾ കൂടാതെ ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ചതായി 36,962/- രൂപയും (35,797 + 1,165)

തുക ക്രഡിറ്റ് വരാത്തതിനുള്ള കാരണം, ആയതിന്റെ തുടർനടപടി വിവരം, ബാങ്കിൽ നിന്നും നേരിട്ട് പിൻവലിച്ചതായി രേഖപ്പെടുത്തിയിട്ടുള്ള തുകയുടെ വിശദാംശം എന്നിവ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഐ.കെ.എം മായി ബന്ധപ്പെട്ട് തുക ക്രഡിറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
മേൽ തുകകളുടെ വിശദാംശം ലഭ്യമാക്കുകയും തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം അറിയിക്കുകയും ചെയ്യേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 9/7.08.2024

**1-1-9 ഗുണഭോക്തൃ വിഹിതമിനത്തിൽ മറ്റ് വരവ് രേഖപ്പെടുത്തിയിരിക്കുന്നു.**

2023-24 സാമ്പത്തിക വർഷം ഗുണഭോക്തൃവിഹിതമിനത്തിലെ ഹെഡ്ഡിൽ (320800101) വരവ് വച്ച തുകകളിൽ ചുവടെ പറയുന്ന ഗുണഭോക്തൃവിഹിതമല്ലാത്ത തുക ഉൾപ്പെട്ടിട്ടുണ്ട്.

| രസീത് നമ്പർ | തീയതി | ഇനം | തുക |
|---|---|---|---|
| 1230102622 | 18-10-2023 | സ്കാവെഞ്ചർ (സതീഷ് കുമാർ)<br>2 X 56 + 5 X 24 | 232 |

മേൽ പ്രകാരമുള്ള തുക ഗുണഭോക്തൃവിഹിതത്തിൽ വരവ് വച്ചിട്ടുള്ളതിന്റെ കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുക ക്രമീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 10/7.08.2024.

**1-1-10 ഗുണഭോക്തൃ വിഹിതമിനത്തിലെ നീക്കിയിരിപ്പിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല**

2023-24 സാമ്പത്തിക വർഷം ഗുണഭോക്തൃ വിഹിതമിനത്തിൽ ചുവടെ പറയും പ്രകാരം നീക്കിയിരിപ്പുണ്ട്.

| വരവ് | തുക | ചെലവ് | തുക |
|---|---|---|---|
| **മുന്നിരിപ്പ്** | **31,130** | | |
| 14-പച്ചക്കറി കൃഷിക്ക് മൺചട്ടി വിതരണം (കൃഷി ഓഫീസർ) | 2,80,800 | 14-പച്ചക്കറി കൃഷിക്ക് മൺചട്ടി വിതരണം (കൃഷി ഓഫീസർ) | 2,80,800 |
| 4- പട്ടികജാതി കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് നൽകൽ (അസിസ്റ്റന്റ് സെക്രട്ടറി) | 12,100 | 4- പട്ടികജാതി കുടുംബങ്ങൾക്ക് പിവിസി വാട്ടർ ടാങ്ക് നൽകൽ (അസിസ്റ്റന്റ് സെക്രട്ടറി) | 12,100 |
| 162- കിച്ചൻ വേസ്റ്റ് ഡൈജസ്റ്റർ (വി.ഇ.ഒ) | 55,803 | | |
| | | **നീക്കിയിരിപ്പ്** | **86,933** |
| **ആകെ** | **3,79,833** | **ആകെ** | **3,79,833** |

1) മുൻവർഷം പി.വി.സി വാട്ടർ ടാങ്ക് (500 ലിറ്റർ) എന്ന പദ്ധതിക്കായി 55,625/- രൂപ വരവിൽ 55,000/- രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. 625/- രൂപ ശ്രീമതി.സീതു എന്ന ഗുണഭോക്താവിന് തിരികെ നൽകിയിട്ടുള്ളതാണ്. എന്നാൽ ഈ തുക തെറ്റായി 340109901 – മറ്റ് ഡെപ്പോസിറ്റ് എന്ന ഹെഡ്ഡിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തുക തൻവർഷവും ക്രമീകരിച്ചിട്ടില്ല.

2) നീക്കിയിരിപ്പായ **86,933/-** രൂപയിൽ നിന്നും 55,803/- രൂപ 162- കിച്ചൻ വേസ്റ്റ് ഡൈജസ്റ്റർ എന്ന ഇനത്തിൽ ലഭിച്ച തുകയാണ്. ഇതിൽ ബാക്കിയുള്ള 30,505/- ( 86,933 - 55,803 - 625) രൂപയുടെ വിശദാംശം ലഭ്യമല്ല.

മേൽ അപാകതയ്ക്കും ബാക്കിയുള്ള 30,505/- രൂപയുടെ വിശദാംശം ലഭ്യമാക്കുന്നതിനും നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് തുക ക്രമീകരിച്ച് തുടർനടപടി വിവരം ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 30,505/- രൂപയുടെ വിശദാംശവും തുടർ നടപടി സ്വീകരിച്ചതിന്റെ വിശദാംശവും രേഖാമൂലം ലഭ്യാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 11/7.08.2024.

**1-1-11 സെക്വർഡ് ലോൺ വരവ് ,ചെലവ്, നീക്കിയിരിപ്പ് ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.**

സെക്വർഡ് ലോൺ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ഇനം | യഥാർത്ഥ തുക | ധനകാര്യ പത്രിക പ്രകാരമുള്ള തുക | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1,50,95,140 | 1,50,95,140 | 0 |
| തൻവർഷ വരവ് | 45,80,000 | 4585243 (4580000 + 2994 + 2249) | 5243 |
| തിരിച്ചടച്ച തുക | 24,07,035 (13,28,214 + 6,88,556 + 3,90,265) | 2407373 (1328214 + 688566 + 390265 + 328) | 338 |

| | | | |
|---|---|---|---|
| നീക്കിയിരിപ്പ് | 1,72,68,105 | 1,72,73,010 | 4905 |

മേൽ പ്രകാരം വ്യത്യാസം വരാനുണ്ടായ കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പലിശ ഇനത്തിൽ ലഭിച്ച 5,243 രൂപ വരവായി രേഖപ്പെടുത്തുകയും ബാങ്ക് ചാർജ്ജായ 328 രൂപ തിരിച്ചടവായി രേഖപ്പെടുത്തുകയും ജി.ഒ പദ്ധതിയായി 10/- രൂപ അധികം ചെലവ് കാണിച്ചതിനാലുമാണ് 4,905 രൂപയുടെ വ്യത്യാസം വന്നിട്ടുള്ളതെന്നും ആയത് ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുക ക്രമീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 13/7.08.2024.

**1-1-12 അഡ്വാൻസ്,ഡെപ്പോസിറ്റ് ഇനത്തിലെ നീക്കിയിരിപ്പ് തുകയുടെ വിശദാംശം ലഭ്യമല്ല**

ധനകാര്യപത്രിക ബി-18 ഷെഡ്യൂളിൽ പ്രകാരം ചുവടെ പറയുന്ന ഇനങ്ങളിലെ തുക വർഷങ്ങളായി നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | നിലനിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|
| 1 | 460500399 - മറ്റ് അംഗീകൃത ഏജൻസികൾക്കു നൽകിയ അഡ്വാൻസ് | 1,00,000/- | 2015-16 മുതൽ 1,00,000/- രൂപ നിലനിൽക്കുന്നു. |
| 2 | 460100199 - മറ്റ് അഡ്വാൻസുകൾ | 2,35,200/- | 2016-17 മുതൽ 16,600/- രൂപയും 2021-22 മുതൽ 85,200/- രൂപയും ( 16,600 + 68,600)<br>2023-24 മുതൽ 2,35,200/- രൂപയും (85,200 + 1,50,000) നിലനിൽക്കുന്നു. |
| 3 | 460100103 – താൽകാലിക അഡ്വാൻസ് | 2,500/- | 2018-19 മുതൽ 2,500/- രൂപ നിലനിൽക്കുന്നു. |
| 4 | 460500202 – ഡെപ്പോസിറ്റ് കെ.എസ്.ഇ.ബി | 45,200/- | 2017-18 സാമ്പത്തിക വർഷം മുതൽ നിലനിൽക്കുന്നു. |
| 5 | 460100101 - ഫെസ്റ്റിവൽ അഡ്വാൻസ് | 12,000/- | മുൻ വർഷവും ഇതേ തുക നിലനിൽക്കുന്നു. |

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 32 പ്രകാരം ഗുണഭോക്തൃ സമിതി കൺവീനർമാർ, സപ്ലൈയർമാർ, കരാറുകാർ, അക്രഡിറ്റഡ് ഏജൻസികൾ, ഉദ്യോഗസ്ഥർ, വ്യക്തികൾ തുടങ്ങിയവർക്കുള്ള മുൻകൂറുകൾ ഉടനെയുള്ള യഥാർത്ഥ ചെലവുകൾക്ക് അനുസൃതമായി പരിമിതപ്പെടുത്തേണ്ടതാണ്. ആ തുക ചെലവായി കഴിയുമ്പോൾ തുക ചെലവായതിനുള്ള രേഖകൾ സമർപ്പിച്ച് അഡ്വാൻസുകൾ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. നിർദ്ദിഷ്ട കാലാവധിയ്ക്കകം മുൻകൂർ തുക യഥാവിധി വിനിയോഗിക്കാതെ വരികയാണെങ്കിൽ പ്രസ്തുത തുക പലിശ സഹിതം തിരികെ ഈടാക്കുന്നതിനുള്ള നടപടി സെക്രട്ടറി സ്വീകരിക്കേണ്ടതാണ്.

മേൽ തുകകൾ ഏതെല്ലാം ആവശ്യത്തിനു നൽകിയിട്ടുള്ളതാണെന്നും തുക നാളിതുവരെ ക്രമീകരിക്കാത്തതിനുമുള്ള വിശദീകരണവും, രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മുൻ വർഷങ്ങളിൽ ക്രമീകരിക്കാത്തതിനാലാണ് തുകകൾ നിലനിൽക്കുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 14/7.08.2024.

**1-1-13 ലൈബിലിറ്റി ഇൻ സ്റ്റേയിൽ ചെക്ക് ഇനത്തിൽ നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമല്ല.**

ലൈബിലിറ്റി ഇൻ സ്റ്റേയിൽ ചെക്ക് (350800101) ഇനത്തിൽ ചുവടെ പറയും പ്രകാരം തുക വർഷങ്ങളായി നിലനിൽക്കുന്നു.

| 2020-21 | 2021-22 | 2022-23 | 2023-24 |
|---|---|---|---|
| 1,62,352 | 1,62,752<br>(1,62,352 + 834 - 434) | 1,62,752 | 1,63,332<br>(1,62,752 + 580) |

2011 -ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, ചട്ടം 46 പ്രകാരം ചെക്കുകൾ അവയുടെ കാലാവധിയ്ക്കുളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച് നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത് ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റേണ്ടതും ബാങ്ക് ബുക്കിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. പുതിയ ചെക്ക് നൽകുമ്പോൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതാണ്. കാലാവധി കഴിഞ്ഞ ചെക്ക് പഞ്ചായത്തിൽ സമർപ്പിക്കപ്പെടുകയാണെങ്കിൽ ചട്ടം 44 ൽ പറഞ്ഞിരിക്കുന്നതുപോലെ റദ്ദ് ചെയ്യേണ്ടതാണ്.

"കാലാവധി കഴിഞ്ഞ ചെക്കുകളുടെ" അക്കൗണ്ടിലേക്ക് ബാദ്ധ്യതയായി മാറ്റിയിട്ടുള്ള തുകകൾ സംബന്ധിച്ച മേൽ ചട്ടം പ്രകാരമുള്ള തുടർനടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ഈ ഇനത്തിൽ നിലനിൽക്കുന്ന 1,63,332/- രൂപയുടെ വിശദാംശവും (ചെക്ക് നമ്പർ, തീയതി, തുക, ആർക്കുനൽകി) ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മുൻ വർഷങ്ങളിൽ ക്രമീകരിക്കാത്തതിനാലാണ് തുക നിലനിൽക്കുന്നത് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.
തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 15/7.08.2024.

**1-1-14 സെക്വർഡ് ലോൺ ഇനത്തിലെ തുക പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസുമായി പൊരുത്തപ്പെടുന്നില്ല.**

ബി-5 - സെക്വർഡ് ലോൺ ഇനത്തിലെ തുക പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസുമായി ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ബി-5 - സെക്വർഡ് ലോൺ ഇനത്തിലെ തുക | ബി-16 പ്രീപെയ്ഡ് പ്രോഗ്രാം എക്സ്പെൻസ് തുക |
|---|---|
| 1,72,73,010 | 1,24,88,095 |

മേൽ പ്രകാരം വ്യത്യാസം വരുന്നുണ്ടായ കാരണം വിശദമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നമ്പർ 16/7.08.2024.

**1-1-15 കേന്ദ്ര ധനകാര്യകമ്മിഷൻ ഗ്രാന്റ് – ടൈഡ്, അൺടൈഡ് എന്നീ ഇനങ്ങളിലെ നീക്കിയിരിപ്പ് ധനകാര്യപത്രികയിൽ പൊരുത്തപ്പെടുന്നില്ല**

കേന്ദ്ര ധനകാര്യകമ്മീഷൻ ഗ്രാന്റ് - ടൈഡ്, അൺടൈഡ് എന്നീ ഇനങ്ങളിലെ ബി-4 & ബി-17 ഷെഡ്യൂളുകളിലെ നീക്കിയിരിപ്പ് തുകകൾ ചുവടെ പറയും പ്രകാരം പൊരുത്തപ്പെടുന്നില്ല.

| ബി-4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | ബി-17 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് | വ്യത്യാസം |
|---|---|---|

| | | |
|---|---|---|
| 48,17,254 (14,65,585 + 33,51,669) | 49,57,759<br>(കേരള ഗ്രാമീൺ ബാങ്ക് - 40596101064412) | 1,40,505 |

മേൽ പ്രകാരം വ്യത്യാസമുള്ള 1,40,505/- രൂപ ചുവടെ പറയും പ്രകാരം ടൈഡ്, അൺടൈഡ് അക്കൗണ്ടിൽ നിന്നും വിവിധ ഇനങ്ങൾക്കായി നൽകേണ്ട തുകയാണ്.

A) അൺ ടൈഡ് ഫണ്ട്

| പദ്ധതി നമ്പർ പേര് | ജി.എസ്.ടി | ഐ.റ്റി | വെൽഫയർ ബോർഡ് | റീടെൻഷൻ | ആകെ തുക |
|---|---|---|---|---|---|
| 211- മല്ലവാര നാവുങ്കൽ പൂത്തക്കളം റോഡ് | 5036 | 2517 | 2517 | 7993 | 18063 |
| 211- മല്ലവാര നാവുങ്കൽ പൂത്തക്കളം റോഡ് | 7070 | 3535 | 3535 | 8837 | 22977 |
| 111- മൂടംകുളം കോണല അടുക്കം റോഡ് കോൺക്രീറ്റ് | 6406 | 3202 | 3202 | 0 | 12810 |
| ആകെ തുക | 18512 | 9254 | 9254 | 16830 | 53850 |

B) ടൈഡ് ഫണ്ട്

| പദ്ധി നമ്പർ പേര് | ജി.എസ്.ടി | ഐ.റ്റി | വെൽഫയർ ബോർഡ് | റീടെൻഷൻ | ആകെ തുക |
|---|---|---|---|---|---|
| 131- ചവർത്തൊടി കുടി വെള്ളം | 2122 | 1060 | 1060 | 0 | 4242 |
| 190-ശാന്തിനഗർ അങ്കൺവാടി കുടിവെള്ളം | 1748 | 873 | 873 | 5000 | 8494 |
| 220-തെറുവാത്തിയ കുടിവെള്ള പദ്ധതി | 598 | 299 | 299 | 0 | 1196 |
| 130-വട്ടക്കുന്ന് കുടിവെള്ള പദ്ധതി | 1794 | 896 | 896 | 0 | 3586 |
| 187-എം.സി.എഫ് നിർമ്മാണം | 13306 | 6653 | 6653 | 16632 | 43244 |
| 185-ബങ്കത്തടുക്ക കുടിവെള്ള പദ്ധതി | 1892 | 945 | 945 | 0 | 3782 |
| 221-കുണ്ടാർ കുടിവെള്ള പദ്ധതി | 1806 | 902 | 902 | 0 | 3610 |
| 194-ജയാനഗർ അച്ചാരി കോളനി പൈപ്പ് ലൈൻ | 2836 | 1417 | 1417 | 339 | 6009 |
| 206-ജയാനഗർ അച്ചാരി കോളനി കുടിവെള്ള പദ്ധതി | 1140 | 570 | 570 | 0 | 2280 |
| 186-തെരുവത്ത് കുടിവെള്ള പദ്ധതി | 1568 | 783 | 783 | 846 | 3980 |
| 97-കുഴൽകിണർ നിർമ്മാണം | 1740 | 870 | 870 | 0 | 3480 |
| 192- മൂടംക്കളം എസ്.സി കോളനി കുഴൽകിണർ നിർമ്മാണം | 1376 | 688 | 688 | 0 | 2752 |
| ആകെ തുക | 31926 | 15956 | 15956 | 22817 | 86655 |

**1-1-16 ഉപയോഗിക്കാതെ നിലനിൽക്കുന്ന അക്കൗണ്ടിലെ തുക ബാങ്ക് പിൻവലിച്ചത് തിരികെ ലഭ്യമാക്കിയിട്ടില്ല**

കേരള സംസ്ഥാന സഹകരണ ബാങ്ക്, മുളിയാറിന്റെ അക്കൗണ്ടിൽ (നമ്പർ 180612801000534) 31/03/2024 ൽ നീക്കിയിരിപ്പ് തുകയായി 178/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ബാങ്ക് ബുക്കിലും ഈ തുക

തന്നെയാണ് നീക്കിയിരിപ്പ് കാണിച്ചിട്ടുള്ളത്. എന്നാൽ ഉപയോഗിക്കാതെ നിലനിൽക്കുന്ന അക്കൗണ്ടായതിനാൽ 20/12/2023 ൽ ബാലൻസുണ്ടായിരുന്ന തുകയായ 19,807/- രൂപ ബാങ്ക് DEAF (Depositors Education Awareness Fund) ലേക്ക് ട്രാസ്ഫർ ചെയ്തിട്ടുണ്ട്. ഇതിന്റെ ശേഷം 24/03/2024 ൽ പലിശ ഇനത്തിൽ വന്ന 178/- രൂപ മാത്രമാണ് 31/03/2024 ൽ നീക്കിയിരിപ്പ് രേഖപ്പെടുത്തിയിട്ടുള്ളത്. DEAF ലേക്ക് മാറ്റിയിട്ടുള്ള തുക ഉൾപ്പെടെ ആകെ 19,985/- രൂപയാണ് നീക്കിയിരിപ്പായി വരേണ്ടിയിരുന്നത്. എന്നാൽ ഈ തുക റിസംഷനായി രേഖപ്പെടുത്തിയിട്ടുള്ളതിനാൽ റീക്കൺസിലിയേഷനിൽ ബാങ്ക് ബുക്ക് പ്രകാരമുള്ള തുകയും പാസ്ബുക്ക് പ്രകാരമുള്ള തുകയും 178/- രൂപ എന്നാണ് കാണിച്ചിട്ടുള്ളത്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 19,807/- രൂപ തിരികെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യുന്നതിന് ബാങ്കിൽ കത്ത് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. 19,807/- രൂപ തിരികെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് ധനകാര്യപത്രികയിൽ ഈ തുക ഉൾപ്പെടുത്തുകയും ഈ അക്കൗണ്ട് ഏത് ആവശ്യത്തിനായി തുടങ്ങിയതാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 17/7.08.2024.

**1-1-17 ലിറ്ററസി സ്കീം ഗ്രാന്റ് നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നില്ല**

കാനറബാങ്കിലെ പി.എഫ്.എം.എസ് അക്കൗണ്ടിൽ (നമ്പർ 110074381371) ലിറ്ററസി ഗ്രാന്റ് ഇനത്തിൽ 22,308/- രൂപ വരവ് വയ്ക്കുകയും പേമെന്റ് അഡ്വൈസ് നമ്പർ C122304147610/05.12.2023 പ്രകാരം 2,001/- രൂപയും പേമെന്റ് അഡ്വൈസ് നമ്പർ C112336632816/28.11.2023 പ്രകാരം 20,307/- രൂപയും ചെലവഴിക്കുകയും ചെയ്തിട്ടുണ്ട് (സാക്ഷരത പ്രേരകിന്റെ അക്കൗണ്ടിലേക്ക് ട്രാസ്ഫർ ചെയ്തിട്ടുണ്ട്.) എന്നാൽ “320100197 - ലിറ്ററസി സ്കീം ഗ്രാന്റ് " എന്ന ഹെഡ്ഡിൽ ഈ തുക കുറവ് ചെയ്തിട്ടില്ല. മുൻ വർഷത്തെ നീക്കിയിരിപ്പായ 1,04,060/- രൂപയും 22,308/- രൂപയുടെ വരവും ചേർത്ത് 1,26,368/- രൂപയാണ് ഈ ഹെഡ്ഡിൽ നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്.

22,308/- രൂപയുടെ ചെലവ് ബാധ്യത ഹെഡ്ഡിൽ നിന്നും കുറവ് ചെയ്യാത്തതിനുള്ള കാരണവും മുന്നിരിപ്പായ 1,04,060/- രൂപയുടെ വിശദാംശവും ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ചെലവഴിക്കുന്ന സമയത്ത് ഐ.എൽ.ജി.എം.എസിൽ ചെലവ് രേഖപ്പെടുത്താൻ വിട്ടുപോയതിനാലാണ് ഹെഡ്ഡിൽ തുക കുറവ് ചെയ്യാൻ സാധിക്കാത്തതെന്നും മുന്നിരിപ്പ് പരിശോധിച്ച് തുക ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 18/8.08.2024.

**1-1-18 മറ്റ് ഡെപ്പോസിറ്റ് ഇനത്തിലെ വരവ് - വിശദാംശം ലഭ്യമല്ല**

മറ്റ് ഡെപ്പോസിറ്റ് (340109901) ഇനത്തിൽ ചുവടെ പറയും പ്രകാരം വരവ് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ നമ്പർ, തീയതി | ഇനം | തുക |
|---|---|---|---|
| 1 | 1230106958, 31-03-2024 | Not Identyfied | 2,940 |
| 2 | 1230106959, 31-03-2024 | Not Identyfied | 5,562 |
| 3 | 1230106960, 31-03-2024 | Not Identyfied | 99,820 |
| 4 | 1230106961, 31-03-2024 | Not Identified Utr Ipn2403280005df | 34,084 |
| ആകെ തുക | | | 1,42,406 |

മേൽ തുകകളുടെ ഉറവിടം വ്യക്തമല്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഈ തുകകൾ ഏതിനത്തിൽ ലഭിച്ചതാണെന്നതിന്റെയും ഏത് അക്കൗണ്ടിൽ വരവ് വന്നു എന്നത് സംബന്ധിച്ചും വിശദാംശം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ബാങ്കുമായി ബന്ധപ്പെട്ട് അക്കൗണ്ട് ഹോൾഡറെ

കണ്ടെത്തുന്നതിനും തുക ക്രമീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 28/12.08.2024.

**1-1-19 മെയിന്റനൻസ് ഫണ്ടിൽ ബജറ്റ് അലോക്കേഷൻ പ്രകാരമുള്ള വരവ് എ.സി.ആറിൽ രേഖപ്പെടുത്തിയിട്ടില്ല.**

മെയിന്റനൻസ് ഫണ്ടിൽ ചുവടെ പറയും പ്രകാരമുള്ള ബജറ്റ് അലോക്കേഷൻ തുക പൂർണ്ണമായും എ.സി.ആറിൽ വരവായി രേഖപ്പെടുത്തിയിട്ടില്ല.

| ഉത്തരവ് നമ്പർ | മെയിന്റനൻസ് ഫണ്ട് റോഡ് | മെയിന്റനൻസ് ഫണ്ട് നോൺറോഡ് |
|---|---|---|
| GO(Rt)No2822/2023/Fin, 31/03/2023 | 80,47,300 | 32,23,000 |
| GO(Rt)No8052/2023/Fin, 17/11/2023 | 50,29,850 | 32,23,000 |
| **ആകെ** | **1,30,77,150** | **64,46,000** |

മേൽ പ്രകാരം മെയിന്റനൻസ് ഫണ്ട് റോഡിൽ 1,30,77,150/- രൂപയും മെയിന്റനൻസ് ഫണ്ട് നോൺറോഡിൽ 64,46,000/- രൂപയുമാണ് ബജറ്റ് അലോക്കേഷൻ പ്രകാരം ലഭ്യമായിട്ടുള്ളത്. എന്നാൽ എ.സി.ആറിൽ മെയിന്റനൻസ് ഫണ്ട് റോഡിൽ 80,47,300/- രൂപയും മെയിന്റനൻസ് ഫണ്ട് നോൺറോഡിൽ 32,23,000/- രൂപയുമാണ് ആകെ വരവായി രേഖപ്പെടുത്തിയിട്ടുള്ളത്.

**1-1-20 ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ നീക്കിയിരിപ്പ് തുക നെഗറ്റീവ് രേഖപ്പെടുത്തിയിരിക്കുന്നു.**

2023-24 സാമ്പത്തിക വർഷത്തെ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചുവടെ പറയും പ്രകാരം ബാലൻസ് തുക നെഗറ്റീവ് രേഖപ്പെടുത്തിയിരിക്കുന്നു.

| ഇനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 12221586 | 13892444 | - 1670858 |
| വികസന ഫണ്ട് - എസ്.സി.പി | 3720964 | 5000268 | - 1279304 |
| വികസന ഫണ്ട് - ടി.എസ്.പി | 743224 | 1483550 | - 740326 |
| സി.എഫ്.സി - ടൈഡ് | 1841500 | 2792567 | - 951067 |
| മെയിന്റനൻസ് ഫണ്ട് - നോൺ റോഡ് | 3223000 | 5540110 | - 2317110 |

മേൽ പ്രകാരം ബാലൻസ് തുക നെഗറ്റീവ് രേഖപ്പെടുത്തിയിട്ടുള്ളതിന്റെ വിശദീകരണം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മേൽ വിഷയം ഐ.കെ.എം അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടി വിവരം ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി നമ്പർ 30/12.08.2024.

**1-1-21 മറ്റ് ബാധ്യതകളിൽ നിലനിൽക്കുന്ന തുകകളുടെ വിശദാംശം ലഭ്യമാക്കിയിട്ടില്ല**

1) ബി - 9 ഷെഡ്യൂളിൽ മറ്റ് ബാധ്യതകൾ എന്ന ഇനത്തിൽ ചുവടെ പറയും പ്രകാരം തുക നിലനിൽക്കുന്നു.

| ക്രമ നമ്പർ | ഇനം | നിലനിൽക്കുന്ന തുക |
|---|---|---|
| 1 | 350200119 - റിക്കവറി പേയബിൾ - കോവിഡ് | 118400 |
| 2 | 350200199 - ജീവനക്കാരിൽ നിന്നുള്ള മറ്റ് റിക്കവറി | 1667 |
| 3 | 350200202 - വാറ്റ് | 2480 |

| | | |
|---|---|---|
| 4 | 350409901 - റീഫണ്ട് പേയബിൾ | 120 |

2) 350200114 - ഇൻകം ടാക്സ് (സാലറി) ഇനത്തിൽ 3,992/- രൂപ നിലനിൽക്കുന്നു. ഇതിൽ 3,983/- രൂപ മുൻവർഷവും നിലനിൽക്കുന്നതാണ്. കൂടാതെ ഇൻകം ടാക്സ് ഇനത്തിൽ 30,434/- രൂപ ഒടുക്കിയതിൽ ലഡ്ജറിൽ വരവിനത്തിൽ 30,343/- രൂപയേ രേഖപ്പെടുത്തിയിരുന്നുള്ളൂ. ഇതിൽ കുറവ് വന്ന 91/- രൂപ ജേണൽ എന്റട്രി വരുത്തുന്നതിനു പകരം 100/- രൂപയാണ് 31/03/2024 ലെ 42301289 ജേണൽ നമ്പർ പ്രകാരം ചെയ്തിട്ടുള്ളത്. ഇത്തരത്തിൽ 9 രൂപയും ചേർത്ത് ആകെ 3,992/- രൂപ ഈ ഹെഡ്ഡിൽ നിലനിൽക്കുന്നു.

മേൽ പ്രകാരം നിലനിൽക്കുന്ന തുകയുടെ വിശദാംശം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മേൽ പരാമർശം പരിശോധിച്ച് തുടർ നടപടി വിവരം ലഭ്യമാക്കുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
ഓഡിറ്റ് എൻക്വയറി നമ്പർ 39/13.08.2024.

## 1-1-22 ധനകാര്യപത്രിക പരിശോധന - മറ്റ് അപാകതകൾ

A) ഹെൽത്ത് ഗ്രാന്റ് അക്കൗണ്ടിൽ ഗുണഭോക്താവിന്റെ പേര് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

കാനറ ബാങ്കിലെ 110049100866 എന്ന അക്കൗണ്ട് ഹെൽത്ത് ഗ്രാന്റ് (Conversion Of Rural Phc And Subcentres Into Health And Wellness Centres) ഇനത്തിനായി ആരംഭിച്ചതാണ്. എന്നാൽ അക്കൗണ്ടിന്റെ ഗുണഭോക്താവിന്റെ പേരിൽ "വാതിൽപ്പടി സേവനം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

പേര് മാറ്റുന്നതിന് ബാങ്കിന് കത്ത് നൽകിയിട്ടുണ്ട് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് എൻക്വയറി നമ്പർ 12/7.08.2024)

B) ജീവനക്കാരുടെ തൊഴിൽ നികുതി ഇനത്തിൽ 110200102 എന്ന ഹെഡ്ഡിൽ ചുവടെ പറയും പ്രകാരം തുക ജേണൽ വഴി കുറവ് ചെയ്തിട്ടുണ്ട്.

| ജേണൽ നമ്പർ | ഇനം | തുക |
|---|---|---|
| 42301266/ 31.03.2024 | ഇൻകം ടാക്സ് റിക്കവറി - ഓഗസ്റ്റ് 2023 സാലറി | 3,000 |

മേൽ പ്രകാരം തുക തൊഴിൽ നികുതി ഹെഡ്ഡിൽ നിന്നും കുറവ് ചെയ്തതിനുള്ള കാരണം ലഭ്യമാക്കിയിട്ടില്ല.
ഓഡിറ്റ് എൻക്വയറി നമ്പർ 39/13.08.2024.

## 1-2 ബജറ്റ്

2023-24 വർഷത്തെ ബജറ്റ് , പുതുക്കിയ ബജറ്റ് എന്നിവ അംഗീകരിച്ചതിന്റെ വിവരം -

| ഇനം | ബജറ്റ് | പുതുക്കിയ ബജറ്റ് |
|---|---|---|
| ഭരണ സമിതി തീരുമാനം , തിയതി | നം.1/ തിയതി : 13.03.2023 | നം.1/ തിയതി : 06.02.2024 |
| മുന്നിരിപ്പ് | 72,02,458 | 1,01,81,858 |
| വരവ് | 21,55,67,000 | 31,56,69,716 |
| ആകെ | 22,27,69,458 | 32,58,51,574 |
| ചെലവ് | 21,75,09,000 | 32,42,37,092 |
| നീക്കിയിരിപ്പ് | 52,60,458 | 16,14,482 |

## 1-3 സാമ്പത്തിക വിശകലനം

(വാർഷിക ധനകാര്യ പത്രികയിലെ രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് ചെലവ്

വിവരങ്ങൾ)

| വർഷം | 2023-24 |
|---|---|
| മുന്നിരിപ്പ് | 2,08,88,470 |
| വരവ് | 5,38,21,309 |
| ആകെ | 7,47,09,779 |
| ചെലവ് | 5,58,21,892 |
| നീക്കിയിരിപ്പ് | 1,88,87,887 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ് എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. സർക്കാർ ഗ്രാന്റുകൾ, സാമൂഹ്യ സുരക്ഷ പെൻഷനുകൾ ഉൾപ്പടെയുള്ള വരവ്-ചെലവ് ഉൾപ്പെടുന്ന പഞ്ചായത്തിന്റെ 2023-24 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 14,01,95,754/- രൂപയും ചെലവ് 13,94,77,810/- രൂപയുമാണ് .

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 14829000 | 14829000 | 13892444 | 936556 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 6270000 | 6270000 | 5000268 | 1269732 |
| വികസന ഫണ്ട് ടി.എസ്.പി. | 0 | 1505000 | 1505000 | 1483550 | 21450 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 13077150 | 13077150 | 0 | 13077150 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 6446000 | 6446000 | 5540110 | 905890 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) (ബാങ്ക്) | 623762 | 2605573 (150573 - പലിശ) | 3229335 | 1763750 | 1465585 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( ടൈഡ്) (ബാങ്ക്) | 4511888 | 1841500 | 6353388 | 3001719 | 3351669 |
| എൻ.ആർ.ഇ.ജി.എ | 0 | 1540026 | 1540026 | 1540026 | 0 |
| ജലനിധി | 1593 | 47 | 1640 | 0 | 1640 |
| സംയുക്ത പദ്ധതി - ബ്ലോക്ക് പഞ്ചായത്ത് | 2120665 | 3721000 | 5841665 | 3721000 | 2120665 |
| സംയുക്ത പദ്ധതി - ജില്ലാ പഞ്ചായത്ത് | 690092 | 4574292 | 5264384 | 4574292 | 690092 |
| ഗുണഭോക്തൃ വിഹിതം | 31130 | 348703 | 379833 | 292900 | *86933 |
| ഐ.സി.ഡി.എസ് | 728676 | 2237770 | 2966446 | 1034497 | 1931949 |
| ലിറ്ററസി സ്കീം | 104060 | 22308 | 126368 | 22308 | * 104060 |
| ശുചിത്വ മിഷൻ | 2534142 | 0 | 2534142 | 50000 | 2484142 |
| കേരളോത്സവം | 560 | 0 | 560 | 0 | 560 |
| ഹെൽത്ത് ഗ്രാന്റ് - ഡയഗനോസ്റ്റിക്ക് ഇൻഫ്രാസ്ട്രച്ചർ | 308782 | 843720 | 1152502 | 100663 | 1051839 |
| ഹെൽത്ത് ഗ്രാന്റ് - കൺവർഷൻ - പി.എച്ച്.സി & സബ്സെന്റർ | 82243 | 358557 | 440800 | 21000 | 419800 |
| സ്വച്ച് ഭാരത് അഭിയാൻ | 0 | 1521021 | 1521021 | 1521021 | 0 |

| | | | | | |
|---|---|---|---|---|---|
| ഏ.ആർ.ഡബ്യൂ.എസ്.എസ് | 415347 | 0 | 415347 | 0 | 415347 |
| നാഷണൽ ആയുർവേദിക്ക് മിഷൻ | 0 | 500000 | 500000 | 0 | 500000 |
| ലൈഫ് | 703267 | 3700000 | 4403267 | 3701500 | 701767 |
| ടോട്ടൽ സാനിറ്റേഷൻ | 1253341 | 0 | 1253341 | 0 | 1253341 |

1) വികസനഫണ്ട്-ജനറൽ - സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 26,07,414/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

2) വികസനഫണ്ട്-എസ്.സി.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 6,88,556/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

3) വികസനഫണ്ട്-ടി.എസ്.പി- സ്രോതസ്സിൽ നിന്നും ജി.ഒ പ്രോജക്റ്റിനായി കുറവ് ചെയ്ത തുകയായ 3,90,265/- രൂപ അടക്കമുള്ള വരവു ചെലവുകളാണ് പട്ടികയിൽ ചേർത്തിട്ടുള്ളത്.

4) ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബാങ്ക് അക്കൗണ്ടിൽ വരവു വന്ന പലിശ 1,50,573/- രൂപ ബേസിക് ഗ്രാന്റിൽ വരവായി ചേർത്തിട്ടുണ്ട്.

5) ജനറൽ പർപ്പസ് ഫണ്ടിനത്തിൽ തൻവർഷം 97,49,700/- രൂപ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. സർക്കാർ റിസംപ്ഷൻ നടത്തിയ വകയിൽ ജനറൽ പർപ്പസ് ട്രഷറി അക്കൗണ്ടിലേക്ക് 1,61,65,884/- രൂപ തിരികെ ലഭിക്കുവാനുണ്ട്.

6) ധനകാര്യപത്രിക പ്രകാരം ഗുണഭോക്തൃ വിഹിതം നീക്കിയിരിപ്പ് 87,165/- രൂപയാണ്. ഈ ഇനത്തിലെ വ്യത്യാസമായ 232/- രൂപ പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻ വരവ് ഗുണഭോക്തൃവിഹിതത്തിൽ വരവു വച്ചതാണ്.

7) ലിറ്ററസി സ്കീം ഗ്രാന്റ് ഇനത്തിലെ വരവു തുകയായ 22,308/- തൻവർഷം തന്നെ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഈ തുക ബാധ്യത ഹെഡ്ഡിൽ നിന്നും കുറവു വരുത്തിയിട്ടില്ല. ആയതിനാൽ ബാധ്യത ഹെഡ്ഡിൽ നീക്കിയിരിപ്പായി 1,26,368/- രൂപയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

8) ക്ഷേമപദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വിശദാംശം ഖണ്ഡിക 1-7 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം .

| അംഗീകാരം ലഭിച്ചത്(എണ്ണം) | അടങ്കൽ | നടപ്പാക്കിയത് | ചെലവ് | ഭാഗീകമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|---|---|
| 241 | 18,52,70,041 | 139 | 5,49,25,096 | - | 102 | 57.68 |

**നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം**

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2023-24 വർഷത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | | 2023-24 വർഷം നടപ്പാക്കിയ പദ്ധതികളുടെ വിവരം | | ചെലവ് ശതമാനം. |
|---|---|---|---|---|---|---|
| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
| 1 | സെക്രട്ടറി | 35 | 12557373 | 25 | 8364095 | 66.6 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി | 14 | 4942428 | 12 | 2879127 | 58.25 |
| 3 | അസിസ്റ്റന്റ് എഞ്ചിനിയർ | 106 | 63634773 | 39 | 10615552 | 16.68 |
| 4 | കൃഷി ഓഫീസർ | 8 | 3852930 | 7 | 2514125 | 65.25 |
| 5 | വെറ്റിനറി സർജ്ജൻ | 9 | 2387000 | 6 | 1129016 | 47.30 |

| | | | | | | |
|---|---|---|---|---|---|---|
| 6 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ- | 26 | 81658660 | 19 | 19200328 | 23.51 |
| 7 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 10 | 6390750 | 9 | 5307167 | 83.04 |
| 8 | പ്രധാനധ്യാപകൻ | 12 | 2460000 | 5 | 956700 | 38.89 |
| 9 | മെഡിക്കൽ ഓഫീസർ ആയൂർവ്വേദം | 3 | 800000 | 3 | 729416 | 91.18 |
| 10 | മെഡിക്കൽ ഓഫീസർ - സി.എച്ച്.സി | 13 | 5531127 | 9 | 2727117 | 49.30 |
| 11 | മെഡിക്കൽ ഓഫീസർ ഹോമിയോ | 3 | 235000 | 3 | 206442 | 87.85 |
| 12 | ഡയറി ഫാം ഇൻസ്പെക്ടർ | 1 | 600000 | 1 | 288011 | 48.00 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 220000 | 1 | 8000 | 3.63 |
| | ആകെ | 241 | 185270041 | 139 | 54925096 | 29.64 |

കുറിപ്പ്:

1) വികസന ഫണ്ട് (ജനറൽ, എസ്.സി.പി, ടി.എസ്.പി) അലോട്ട്മെന്റ് സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ 36,86,235/- രൂപ സുലേഖ ചെലവ് പത്രികയിൽ ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും അടങ്കലിൽ ഉൾപ്പെട്ടിട്ടില്ല. മേൽ പട്ടികയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പദ്ധതി അടങ്കലിൽ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടുണ്ട്.

**2)** പ്രോജക്ടുകളുടെ നിർവഹണത്തിലും ഫണ്ട് വിനിയോഗത്തിലും പഞ്ചായത്ത് പിന്നോട്ട് പോയതായി മേൽ പട്ടികയിൽ നിന്നും വ്യക്തമാണ്. 18.5 കോടി രൂപ അടങ്കലുള്ള 241 പദ്ധതികൾ തയ്യാറാക്കി അംഗീകാരം വാങ്ങി നിർവഹണ ഉദ്യോഗസ്ഥരെ ഏൽപ്പിച്ചുവെങ്കിലും ഒരു വർഷത്തെ പദ്ധതി പ്രവർത്തനം കൊണ്ട് 139 പ്രജക്ടുകളിലായി ആകെ 5.49 കോടി രൂപയാണ് ചെലവഴിക്കാൻ സാധിച്ചിട്ടുള്ളത്. (ചെലവ് ശതമാനം 29.64)

മെയിന്റനൻസ് ഫണ്ട് റോഡ് ഫണ്ടിൽ നിന്നും തുകയൊന്നും തന്നെ ചെലവഴിക്കുവാൻ സാധിച്ചിട്ടില്ല. ഇതു മൂലം അലോക്കേഷൻ തുക (1,30,77,150/-) പൂർണ്ണമായും ലാപ്സാവുകയുണ്ടായി. മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) ൽ നിന്നുള്ള തൻവർഷ വരവായ 64,46,000രൂപയിൽ 55,40,110/-രൂപ വിനിയോഗിച്ചു. 9,05,890 രൂപ ലാപ്സായിട്ടുണ്ട്.

പ്രധാന നിർവഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർക്ക് 6.36 കോടി രൂപ അടങ്കലുള്ള 106 പ്രോജക്ടുകൾ നിർവഹണത്തിനായി ഏൽപ്പിച്ചിരുന്നതിൽ 39 പ്രോജക്ടുകളിലായി ആകെ 1.06 കോടി രൂപയാണ് ചെലവഴിച്ചിട്ടുള്ളത്(16.68%)

വികസന ക്ഷേമ പ്രവർത്തനങ്ങൾക്കു ലഭിക്കുന്ന തുകകൾ യഥാസമയം വിനിയോഗിക്കാതെ വൻതുകകൾ വർഷാവസാനം ലാപ്സാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിന് പഞ്ചായത്ത് സംവിധാനങ്ങൾ കൂട്ടായ പ്രവർത്തനം നടത്തിയേ മതിയാവുകയുള്ളൂ. നിർവഹണ ഉദ്യോഗസ്ഥരുടെ മേൽ പഞ്ചായത്തിനുള്ള നിയന്ത്രണം ഫലവത്തായി ഉപയോഗിക്കുകയും പദ്ധതി നിർവഹണ പ്രവർത്തനങ്ങളിൽ നിർവഹണ ഉദ്യോഗസ്ഥർ നേരിടുന്ന തടസ്സങ്ങളും വെല്ലുവിളികളും പഞ്ചായത്ത് ഇടപെട്ട് ഒഴിവാക്കി സുഗമമായ പദ്ധതി നിർവഹണം സാധ്യമാക്കുകയും ചെയ്യണം. ഭവിയിൽ ഇത്തരത്തിൽ പ്രോജക്ടുകൾ നിർവഹിക്കാത്തതു മൂലം ഫണ്ടുകൾ ലാപ്സാവുന്ന സാഹചര്യങ്ങൾ ഒഴിവാക്കേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 0 | 15,40,026 | 15,40,026 | 15,40,026 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് | 0 | 5,04,88,718 | 5,04,88,718 | 5,04,88,718 | 0 |

| | | | | | |
|---|---|---|---|---|---|
| നൽകിയത് | | | | | |
| ആകെ | 0 | 5,20,28,744 | 5,20,28,744 | 5,20,28,744 | 0 |

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2023-24 വർഷം 1022 പദ്ധതികളുൾപ്പെടുന്ന 205327210/- രൂപ അടങ്കലുള്ള ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. തൻ വർഷം 375 പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്. വിവിധ പദ്ധതികളിലായി ആകെ 100035 തൊഴിൽ ദിനങ്ങൾ തൻ വർഷം സൃഷ്ടിച്ചിട്ടുണ്ട്. നൂറുദിനം തൊഴിൽ ലഭിച്ച 584 കുടുംബങ്ങളുണ്ട്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിവരം

തൻവർഷം ഗ്രാമപഞ്ചായത്തിൽ വിവിധ ക്ഷേമ പദ്ധതികകൾക്കായി വിനിയോഗിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1462800 | 128 |
| വിധവാപെൻഷൻ | 11106200 | 1020 |
| വാർദ്ധക്യകാലപെൻഷൻ | 14731700 | 1364 |
| വികലാംഗപെൻഷൻ | 4176900 | 354 |
| അവിവാഹിതകളായ 50 വയസ്സിനുമേൽ പ്രായമുള്ള വനിതകൾക്കുള്ള പെൻഷൻ | 358400 | 35 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 0 | 0 |

## 1-8 ക്യാഷ് ബാലൻസ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.08.2024 തീയതിയിൽ 3.41 P.M ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ 24,773/- രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവായി വിലയിരുത്തിയതിൽ ശ്രദ്ധയിൽപ്പെട്ട വിഷയങ്ങൾ ചുവടെ ഉൾപ്പെടുത്തുന്നു.

1) ഓഫീസ് മീറ്റീംഗ് - ജീവനക്കാരുടെ ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തുവാൻ ജീവനക്കാരുടെ പ്രതിമാസ യോഗം പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ വിളിച്ച ചേർക്കുവാൻ സെക്രട്ടറി ബാധ്യസ്ഥനാണ്. ഓഡിറ്റ് വർഷം 8 തവണ ഓഫീസ് മീറ്റീംഗ് ചേർന്നിട്ടുണ്ട്. 2023 മെയ്, ആഗസ്റ്റ്, സെപ്റ്റംബർ, ഡിസംബർ എന്നീ മാസങ്ങളിൽ ഓഫീസ് യോഗം ചേർന്നിട്ടില്ല. മാസത്തിൽ ഒരു തവണയെങ്കിലും ജീവനക്കാരുടെ യോഗം ചേർന്ന് ജോലി പുരോഗതിയും ഗ്രാമ പഞ്ചായത്തിന്റെ പ്രവർത്തന പുരോഗതിയും വിലയിരുത്തേണ്ടതാണ്.

2) നിലവിൽ ഭരണ സമിതി മിനിട്സും സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സും സകർമ്മാ സോഫ്റ്റ് വെയർ മുഖേനയാണ് കൈകാര്യം ചെയ്യുന്നത്. സകർമ്മ ആപ്ളിക്കേഷൻ മുഖേന തയ്യാറാക്കുന്ന ഭരണ സമിതി യോഗ മിനിട്സ് പൂർത്തീകരിച്ച് ക്ലോസ്സ് ചെയ്യുന്നതിൽ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇക്കാര്യത്തിൽ 1995-ലെ കേരള പഞ്ചായത്ത് രാജ് (പഞ്ചായത്തിന്റെ യോഗ നടപടിക്രമം)ചട്ടങ്ങളിലെ ചട്ടം 26 പ്രകാരമുള്ള സമയപരിധി പാലിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3) വരവു -ചെലവുകൾ തൊട്ടടുത്ത മാസത്തിൽ തന്നെ വൈസ് പ്രസിഡണ്ട് അധ്യക്ഷനായ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിക്കുന്നുണ്ട്. പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ

കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടോയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ബജറ്റ് പ്രൊവിഷന് അനുസൃതമായിട്ടാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പ് വരുത്തേണ്ടതാണ്. ബജറ്റ് തയ്യാറാക്കി അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കുവാൻ ശ്രദ്ധ നൽകേണ്ടതാണ്.

5) സ്ഥാവര-ജംഗമ ആസ്തികളുടെ വിവരങ്ങൾ കൃത്യമായി ക്രോഡീകരിച്ച് സൂക്ഷിക്കുവാനും യഥാകാലം കൂട്ടിച്ചേർക്കലുകൾ നടത്തി സമഗ്രമാക്കാനും സർക്കാർ കർശന നിർദ്ദേശങ്ങൾ നൽകിയിട്ടും അത് നാളിതുവരെ പൂർണമായിട്ടില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത ആസ്തികൾ രേഖകളുടെ പിൻബലത്തോടെ രജിസ്റ്ററിൽ രേഖപ്പെടുത്തി കാലികമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. കൂടാതെ ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

6) തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കുന്നതിൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും പ്രത്യകം ശ്രദ്ധ നൽകേണ്ടതാണ്.

7) ഖരമാലിന്യം ശേഖരിക്കുന്നതിനായി 2022-23 വർഷം വാങ്ങിയ വാഹനം മാലിന്യ നീക്കത്തിനായി ഉപയോഗിക്കാതെ നിഷ്ക്രിയമായ അവസ്ഥയിലാണുള്ളത്. മാലിന്യ പരിപാലനവുമായി ബന്ധപ്പെട്ട് പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്നും അവ സമൂഹത്തിന് പ്രയോജനപ്പെടുന്നുണ്ടെന്നും ഉറപ്പുവരുത്തുവാൻ ആയതിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥരും ഭരണ സമിതിയും ശ്രദ്ധ നല്കേണ്ടതാണ്.

8) ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത പൊതു ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നല്കുന്നതിന് പ്രതിബന്ധം സൃഷ്ടിക്കുന്നുണ്ട്. കാലാനുസൃതമായ മെച്ചപ്പെട്ട സൗകര്യങ്ങൾ ഉൾക്കൊള്ളുന്ന പുതിയ പഞ്ചായത്ത് കാര്യാലയം അനിവാര്യമായ സാഹചര്യമാണ് നിലവിലുള്ളത്.

9) ഓഡിറ്റിന് ലഭ്യമാക്കിയ വാർഷിക ധനകാര്യ പത്രിക പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട പോരായ്മകൾ ഖണ്ഡിക 1-1 ൽ വിശദമാക്കിയിട്ടുണ്ട്. ആയതിന് പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - മാലിന്യ സംസ്കരണം ഹരിത കർമ്മസേനയിലൂടെ - അവലോകന റിപ്പോർട്ട്.

15.07.2017 ലെ സ.ഉ(സാധാ) നം.2420/17/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ രൂപീകരണത്തിനുള്ള നടപടിക്രമങ്ങളും, 02.08.2020 ലെ സ.ഉ(സാധാ) നം.1496/2020/തസ്വഭവ പ്രകാരം ഹരിത കർമ്മസേനയുടെ പ്രവർത്തന മാർഗ്ഗരേഖയും പുറപ്പെടുവിച്ചിട്ടുണ്ട്. 12.08.2020-ലെ സ.ഉ(സാ.ധാ) നം.1497/2020 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ശുചിത്വ പദവി നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സർക്കാർ പുറപ്പെടുവിച്ചു. വീടുകളിൽ നിന്നും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയാക്കിയ അജൈവ മാലിന്യങ്ങൾ ശേഖരിച്ച് നിശ്ചിത ഇടവേളകളിൽ തരംതിരിച്ച് എം.സി.എഫിൽ സൂക്ഷിക്കേണ്ട ചുമതലയാണ് ഹരിതകർമ്മ സേനയിൽ പ്രധാനമായും നിക്ഷിപ്തമാക്കിയിട്ടുള്ളത്. 12.02.2019 ലെ സ.ഉ(സാധാ) നം. 306/2019/തസ്വഭവ തിയതി പ്രകാരം എം.സി.എഫ് (മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി), ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റും മാതൃകാ പ്ലാനും സർക്കാർ അംഗീകരിച്ചിട്ടുണ്ട്. അതുപ്രകാരം ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡിലുള്ള അടുക്കം എന്ന സ്ഥലത്ത് MCF പണി പൂർത്തിയായിട്ടുണ്ടെങ്കിലും വൈദ്യുതി ലഭിക്കാത്തതിനാലും മെഷിനറികൾ ലഭ്യമാകാത്തതിനാലും പ്രവർത്തനം തുടങ്ങിയിട്ടില്ല. കൂടാതെ പഞ്ചായത്തിലെ 15 വാർഡുകളിലായി 45 മിനി എം.സി.എഫും സ്ഥാപിച്ചിട്ടുണ്ട്.

സംഘാടനം

ഗ്രാമപഞ്ചായത്തിന്റെ 15 വാർഡുകളിലെ കുടുംബശ്രീ സംഘടനയിൽ ഒരു വാർഡിൽ 2 ഹരിതസേനാ

അംഗം എന്ന നിലയിൽ 30 പേരാണ് പ്രവർത്തിക്കുന്നത്. ഗ്രാമപഞ്ചായത്തിലെ അജൈവമാലിന്യ നിർമാർജ്ജന പ്രവർത്തനങ്ങൾക്കും വിവിധതരം മാലിന്യ നിർമ്മാർജ്ജനോപാധികൾ പൊതുസമൂഹത്തിന് പരിചയപ്പെടുത്തുന്നതിനും പൊതുജനത്തെ ഉറവിട മാലിന്യ സംസ്കരണത്തിന് പ്രാപ്തരാക്കുവാൻ തക്ക വിധത്തിൽ പരിശീലനങ്ങൾ നല്കിയുമാണ് ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയെ വാർത്തെടുത്തിട്ടുള്ളത്. ഹരിതകർമ്മ സേനാംഗങ്ങളെ ഏകോപിപ്പിക്കുന്നതിനായി കൺസോർഷ്യം രൂപീകരിക്കുകയും അതിൽ നിന്ന് പ്രസിഡന്റ്, സെക്രട്ടറി എന്നീ ഭാരവാഹികളേയും തിരഞ്ഞെടുത്താണ് പ്രവർത്തിക്കുന്നത്. അജൈവമാലിന്യം ശേഖരിക്കുന്നതിന് സ്ഥാപനങ്ങളിൽ നിന്ന് 100രൂപ നിരക്കിലും ഭവനങ്ങളിൽ നിന്നും 50 രൂപ നിരക്കിലും ഫീസായി ഈടാക്കിയാണ് ഗ്രാമമപഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തിക്കുന്നത്.

വൃത്തിയുള്ള പരിസരം ആരോഗ്യമുള്ള സമൂഹം.

വൃത്തിയുള്ള പരിസരം ആരോഗ്യമുള്ള സമൂഹം എന്ന മുദ്രവാക്യവുമായി പ്രവർത്തിക്കുന്ന ഗ്രാമപഞ്ചായത്തിലെ ഹരിതകർമ്മസേന പ്രത്യേകമായി തയ്യാറാക്കിയ കലണ്ടർ പ്രകാരമാണ് മാലിന്യങ്ങൾ ശേഖരിക്കുന്നത്. കലണ്ടർ പ്രകാരമുള്ള മാലിന്യശേഖരണം സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു.

| മാസം | ശേഖരിക്കുന്ന വസ്തുക്കളുടെ ഇനം |
|---|---|
| ജനുവരി | ഇ-വേസ്റ്റ് |
| ഫെബ്രുവരി | തുണി മാലിന്യം |
| മാർച്ച് | ആപ്തകരമായ ഇ മാലിന്യങ്ങൾ ( പിക്ചർ ട്യൂബ്, ബൾബ്, ട്യൂബ് ), കണ്ണാടി |
| ഏപ്രിൽ | ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, കാർപ്പെറ്റ്,അപ്ഹോഴ്സറി വേസ്റ്റ് (ഉപയോഗ ശൂന്യമായ മെത്ത, തലയണ, പ്ലാസ്റ്റിക് പായ ) |
| മെയ് | ചില്ല് മാലിന്യങ്ങൾ,കുപ്പി |
| ജൂൺ | ഉപയോഗ ശൂന്യമായ വാഹന ടയർ |
| ജൂലൈ | ഇ -വേസ്റ്റ് |
| ആഗസ്റ്റ് | പോളി എത്തിലിൻ പ്രിന്റിംഗ് ഷീറ്റ്, സ്ക്രാപ്പ് ഇനങ്ങൾ |
| സെപ്റ്റംബർ | മരുന്ന് സ്ട്രിപ്പ് |
| ഒക്ടോബർ | ആപ്തകരമായ ഇ മാലിന്യങ്ങൾ ( പിക്ചർ ട്യൂബ്, ബൾബ്, ട്യൂബ് ), കണ്ണാടി |
| നവംബർ | ചെരുപ്പ്, ബാഗ്, തെർമോക്കോൾ, തുകൽ, കാർപ്പെറ്റ്,അപ്ഹോഴ്സറി വേസ്റ്റ് (ഉപയോഗ ശൂന്യമായ മെത്ത, തലയണ, പ്ലാസ്റ്റിക് പായ ) |
| ഡിസംബർ | ചില്ല് മാലിന്യങ്ങൾ, കുപ്പി |

മേൽ സൂചിപ്പിച്ച പ്രകാരം ശേഖരിക്കുന്ന മാലിന്യങ്ങൾ വാഹനങ്ങൾ വാടകയ്ക്കെടുത്ത് ആദ്യം ഗ്രാമപഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി സ്ഥിതി ചെയ്യുന്ന 45 മിനി എം.സി.എഫുകളിലേക്കും അവിടെ നിന്ന് പഞ്ചായത്തിലെ താൽകാലികമായി സ്ഥാപിച്ചിട്ടുള്ള എം.സി.എഫിലേക്കും തുടർന്ന് ഗ്രാമപഞ്ചായത്തുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സർക്കാർ അംഗീകാരമുള്ള മാലിന്യസംസ്കരണ കമ്പനികൾക്ക് മേൽ പരാമർശിച്ചിട്ടുള്ള മാലിന്യങ്ങൾ തരംതിരിച്ചും നല്കുന്നു. ഹരിതകർമ്മസേന പ്രവർത്തകർ വിവിധ സ്ഥലങ്ങളിൽ നിന്നും ശേഖരിക്കുന്ന ഖരമാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷിക പദ്ധതിയിലുൾപ്പെടുത്തി രൂപീകരിച്ച പ്രോജക്ട് നം.209/2022-23- ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം എന്ന പദ്ധതി പ്രകാരം ആകെ 2,70,147/- രൂപ വിനിയോഗിച്ച് ഒരു ഇലക്ട്രിക് (ഇ-കാർട്ട്) ഗുഡ്സ് ഓട്ടോറിക്ഷ വാങ്ങിയിരുന്നു. എന്നാൽ നിലവിൽ മിനി എം.സി.എഫുകളിൽ നിന്നും താൽകാലികമായി സ്ഥാപിച്ചിട്ടുള്ള എം.സി.എഫിലേക്ക് മാലിന്യം നീക്കം ചെയ്യുന്നതിന് വാഹനം ഉപയോഗിക്കുന്നില്ല.

രേഖകൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനം ഏകോപിപ്പിക്കുന്ന ഓഫീസ് സംവിധാനത്തിൽ ക്യാഷ് ബുക്ക്, മിനിട്സ് ബുക്ക്, സ്റ്റോക്ക് രജിസ്റ്റർ, യൂസർഫീ രജിസ്റ്റർ, രസീപ്റ്റ് ബുക്ക്, ആക്ടിവിറ്റി രജിസ്റ്റർ, അംഗത്വരജിസ്റ്റർ എന്നിവ സൂക്ഷിച്ച് വരുന്നു.

2021 മുതൽ വിവിധ വർഷങ്ങളിൽ ഗ്രാമ പഞ്ചായത്തിൽ ലഭിച്ച യൂസർ ഫീ വരുമാനം താഴെചേർക്കുന്നു.

| വർഷം | കളക്ട് ചെയ്ത യൂസർ ഫീ |
|---|---|
| 2021 | 10,70,778 |
| 2022 | 16,86,150 |
| 2023 | 27,27,450 |
| 2024(ജൂലൈ മാസം വരെ ) | 18,56,600 |

2021 ൽ തുടങ്ങിയ സമയത്ത് യൂസർ ഫീയിനത്തിൽ നേടിയതിന്റെ ഇരട്ടിയിലേറെ വരുമാനമാണ് 2023 ലും 2024 ൽ ഇതുവരെയുമായി നേടിയിരിക്കുന്നത്. നിരന്തരമായ പരിശ്രമത്തിലൂടെ ഗ്രാമ പഞ്ചായത്തിലെ ഹരിതകർമ്മ സേന മികച്ച പ്രവർത്തനം നടത്തിയാണ് ഈ നേട്ടം കൈവരിച്ചിട്ടുള്ളത്. ഹരിതകർമ്മ സേന രൂപീകരിച്ചതിലൂടെ കാറഡുക്ക ഗ്രാമപഞ്ചായത്തിന് അതിന്റെ ലക്ഷ്യങ്ങൾ ഏറെക്കുറെ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്.

മാലിന്യനിർമ്മാർജ്ജനമെന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനായി 2021-22, 2022-23, 2023-24 വർഷങ്ങളിലായി മാലിന്യ നിർമ്മാർജ്ജനം, മാലിന്യങ്ങളുടെ ഉറവിട സംസ്കരണം, ഹരിതകർമ്മ സേനാംഗങ്ങൾക്ക് സൗകര്യമൊരുക്കൽ എന്നിവയുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തിൽ ചുവടെ ചേർക്കുംവിധമുള്ള പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

2021-22 വർഷം

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ്തുക |
|---|---|---|---|
| 107/22 | വ്യക്തിഗത ഗാർഹിക ശൗചാലയം | വി.ഇ.ഒ | 600600 |
| 107/22 | ബയോ കമ്പോസ്റ്റ് ബിൻ (വ്യക്തിഗതം) | വി.ഇ.ഒ | 180000 |
| 206/22 | മിനി എം.സി.എഫ് സ്ഥാപിക്കൽ | വി.ഇ.ഒ | 2249953 |
| 169/22 | കലക്ഷേഴ്സ് അറ്റ് സ്കൂൾ | വി.ഇ.ഒ | 74095 |
| 170/22 | വയബിലിറ്റി ഗ്യാപ്പ് ഫണ്ട് | വി.ഇ.ഒ | 174000 |
| 176/22 | റിട്രോഫിറ്റിംഗ് | വി.ഇ.ഒ | 500000 |
| 180/22 | എെ.ഇ.സി പ്രവർത്തനങ്ങൾ | വി.ഇ.ഒ | 90000 |

2022-23 വർഷം

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ്തുക |
|---|---|---|---|
| 56/23 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) | വി.ഇ.ഒ | 10000 |
| 110/23 | മഴവെള്ള സംഭരണി -ഗാർഗികം | വി.ഇ.ഒ | 162500 |
| 209/23 | ഹരിത കർമ്മസേനയ്ക്ക് വാഹനം വാങ്ങൽ | അസിസ്റ്റന്റ് സെക്രട്ടറി | 270147 |

2023-24 വർഷം

| പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ്തുക |
|---|---|---|---|
| 38/24 | സ്മാർട്ട് ഗാർബെജ് മോണിറ്ററിംഗ് സിസ്റ്റം | വി.ഇ.ഒ | 33000 |
| 162/24 | കിച്ചൺ വേസ്റ്റ് ഡൈജസ്റ്റർ | വി.ഇ.ഒ | 395010 |

| | | | |
|---|---|---|---|
| 240/24 | ഹരിത കർമ്മസേനയ്ക്ക് സുരക്ഷ ഉപകരണം യൂണിഫോം വാങ്ങൽ | വി.ഇ.ഒ | 101190 |
| 41/24 | ഹരിത കർമ്മസേനയ്ക്ക് യൂസർ ഫീ നൽകൽ | വി.ഇ.ഒ | 86700 |
| 164/ | എെ.ഇ.സി പ്രവർത്തനങ്ങൾ | വി.ഇ.ഒ | 50000 |

l) അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വാർഡുകളുടെ എണ്ണം | 15 |
| ജനസംഖ്യ (2011 സെൻസസ് പ്രകാരം) | 21211 |
| ആകെ വീടുകൾ (സഞ്ചയ പ്രകാരം) | 6684 |
| ആകെ വാസേതര കെട്ടിടങ്ങൾ (സഞ്ചയ പ്രകാരം) | 2390 |
| ഹരിതകർമ്മ സേനാംഗങ്ങളുടെ എണ്ണം | 30 |

യൂസർഫീയായി വീടുകളിൽനിന്ന് 50/- രൂപയും കടകളിൽനിന്ന് 100/- രൂപയുമാണ് ഈടാക്കുന്നത്. ഇത് ഹരിത കർമ്മ സേനയുടെ വേതനം, മറ്റുചെലവുകൾ എന്നിവക്കായി ഉപയോഗിക്കുന്നു.

2) മാലിന്യ ശേഖരണ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ക്ലീൻകേരള കമ്പനിയുടെ കലണ്ടർ പ്രകാരമാണ് മാലിന്യ ശേഖരണം നടത്തുന്നത്. എല്ലാ വീടുകളെയും സ്ഥാപനങ്ങളെയും ഉൾപ്പെടുത്തുന്നതിനും പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുമായി ഹരിതമിത്രം ആപ്ലിക്കേഷൻ വഴി ക്യൂ ആർ കോഡ് പതിക്കുകയും മാസത്തിൽ ഒരു തവണ മാലിന്യം ശേഖരിക്കുകയും ചെയ്തു വരുന്നുണ്ട്. പഞ്ചായത്തിലെ ആൾതാമസമുള്ള എല്ലാ വീടുകളും തുറന്ന് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ഹരിതമിത്രം ആപ്ലിക്കേഷനിൽ ഉൾപ്പെടുകയും അതുവഴി ഹരിതകർമ്മസേനയുടെ സേവനം ലഭ്യമാകുകയും ചെയ്യുന്നുണ്ട്.

3)മാലിന്യ വേർതിരിവ് പാലിക്കൽ

എല്ലാ വാർഡുകളിലെയും വീട്, കച്ചവട സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുകയും അവിടെ വെച്ചുതന്നെ മാലിന്യം തരംതിരിച്ച് താൽകാലികമായി സ്ഥാപിച്ചിട്ടുള്ള എം.സി.എഫിലെത്തിക്കുന്ന രീതിയാണ് നിലവിൽ സ്വീകരിച്ചു വരുന്നത്.

മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF), റിസോഴ്സ് റിക്കവറിഫെസിലിറ്റി (RRF)

1)അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| 1)MCF/RRF(സ്ഥിരം/ താത്കാലികം)എണ്ണം | MCF – 1 ( താൽകാലികം ) |
| 2)ബെയ് ലിങ് /ഷ്രഡിങ് യൂണിറ്റുകൾ ഉണ്ടോ ? | ബെയ്‌ലിംഗ് മെഷീൻ ഇല്ല, 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 3)അവയുടെ വാർഡ് തിരിച്ചുള്ള എണ്ണം | ഒന്ന് (രണ്ടാം വാർഡിൽ ) |
| 4)അവ പ്രയോജനപ്പെടുത്തുന്നുണ്ടോ ? | 2024-25 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ആസൂത്രണം ചെയ്തിട്ടുണ്ട്. |
| 5)അവയ്ക്ക് അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടോ?<br>(ടിപ്പിങ് ഏരിയ,സ്റ്റോറേജ് ഏരിയ,സോർട്ടിങ് ഏരിയ, മെഷിനറി ഏരിയ,,ശുചിമുറി ഉടങ്ങിയവ) | വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുവേണ്ടി 2024-25 സാമ്പത്തിക വർഷത്തിൽ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഫയർ ആന്റ് സേഫ്റ്റി സംവിധാനം ഒരുക്കിയിട്ടില്ല. കുടിവെള്ള സൗകര്യം ഇല്ല. ഫർണ്ണിച്ചർ സംവിധാനം ഒരുക്കിയിട്ടില്ല,.<br>നിലവിലെ പുതിയ MCFന് ആകെ 1844.50എംസ്ക്വയർ വിസ്തൃതി മാത്രമാണുള്ളത് . |

| | |
|---|---|
| 6)അവ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ വിവരങ്ങൾ | അടുക്കം , വാർഡ് 2 |
| 7)അവയിലേക്ക് റോഡ് ഗതാഗത സൗകര്യം ലഭ്യമാണോ ? | ഉണ്ട് |
| 8) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നിലനിൽക്കുന്നണ്ടോ? | നിലവിലില്ല |

ഗ്രാമപഞ്ചായത്തിൽ ഒരു എം.സി.എഫ് നിർമ്മിച്ചിട്ടുണ്ട് (വാർഡ്- 2 അടുക്കം )ആർ.ആർ.എഫ് നിലവിൽ ഇല്ല. 45 മിനി എം.സി.എഫും വിവിധ വാർഡുകളിൽ സ്ഥാപിച്ചിട്ടുണ്ട്. 1 ബോട്ടിൽ ബൂത്തും ഉണ്ട്.

4)മാലിന്യ കൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പാഴ് വസ്തുകൾ MCFലേക്ക് ഹരിത കർമ്മ സേന കൈമാറുന്നതിന്റെ സമയവും കാര്യക്ഷമതയും മാലിന്യം കൂടുന്നത് അനുസരിച്ച് വ്യത്യാസപ്പെടുന്നുണ്ട്.

5) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

മാലിന്യം ഇനം തിരിക്കുന്നതിൽ തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF-ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളുകളും സുരക്ഷാ നടപടികളും പാലിച്ചിട്ടുണ്ട്. ദുർഗന്ധവും കീടങ്ങളും തടയുന്നതിന് MCFപരിസരത്ത് ശുചിത്വ മാനദണ്ഡങ്ങളും പാലിച്ചിട്ടുണ്ട്.

6)ശുചിത്വമാനദണ്ഡങ്ങൾ

ഓരോരുത്തരുടെയും മാലിന്യം അവരവരുടെ ഉത്തരവാദിത്വമാണ് എന്ന തത്വത്തിലൂന്നി സമ്പൂർണ്ണശുചിത്വ കാറഡുക്ക ഗ്രാമപഞ്ചായത്ത് എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുള്ള പരിപാടികളും പ്രവർത്തനങ്ങളും ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു.

7)യഥാസമയം മാലിന്യം ക്ലീൻ കേരളയ്ക്ക് കൈമാറുന്നത് സംബന്ധിച്ച്

ക്ലീൻകേരള കമ്പനി മാസത്തിൽ ഒരു തവണ എന്ന രീതിയിലാണ് മാലിന്യം ശേഖരിക്കുന്നത്. ക്ലീൻ കേരള കമ്പനിയുടെ വാഹന ലഭ്യത കുറവാണ് ഇതിന് കാരണം. നിലവിൽ യഥാസമയം മാലിന്യം നീക്കം ചെയ്യാത്തതിനാൽ എം സി എഫിൽ മാലിന്യം കുമിഞ്ഞ് കൂടിയിരിക്കുന്ന അവസ്ഥയാണ് ഉള്ളത്. സ.ഉ(സാധാ)നം.1641/2017/തസ്വഭവ തിയതി 19-5-2017 പ്രകാരം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് മാലിന്യ സംസ്കരണ പ്രോജക്ടുകളും ഇ-മാലിന്യ സംഭരണ സംസ്കരണ പദ്ധതികളും തയ്യാറാക്കി ടെണ്ടർ നടപടി ഒഴിവാക്കി പദ്ധതി നിർവ്വഹണം നടത്തുന്നതിന് ക്ലീൻ കേരള കമ്പനി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. സർക്കുലർ നം. ഡി.സി.1/282/20/തസ്വഭവ തിയതി 29-07-2020 പ്രകാരം ഹരിത കർമ്മ സേനാംഗങ്ങൾ ശേഖരിക്കുന്ന പാഴ്വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരളാ കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതനുസരിച്ച് സംഘം ശേഖരിക്കുന്ന മാലിന്യങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകി വരുന്നുണ്ട്.

8) പരിശീലനവും വികസനവും

ഹരിതകർമ്മസേനാംഗങ്ങൾക്ക് കുടുംബശ്രീ മുഖേന പരിശീലനങ്ങൾ നല്കിയിട്ടുണ്ട്.

9) നിയമങ്ങൾ പാലിക്കൽ

മാലിന്യനിർമ്മാർജ്ജനം, ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ബോധവല്കരണ ക്ലാസുകളും സെമിനാറുകളും നടത്തിയിട്ടുണ്ട്. നോട്ടീസുകൾ, ബ്രോഷറുകൾ മുതലായവ വഴിയും പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തുന്നതിന് പരിശോധനകളും പിഴ ഉൾപ്പെടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

10) പ്ലാസ്റ്റിക് ഉപയോഗം.

2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും,

വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നല്കുന്ന കാലയളവിൽ അപേക്ഷകരിൽ നിന്ന് 30 മൈക്രോണിൽ അധികരിക്കുന്ന പ്ലാസ്റ്റിക് ക്യാരി ബാഗുകൾ ഉപയോഗിക്കുന്നില്ലെന്ന് സമ്മതപത്രം എഴുതി വാങ്ങാറുണ്ട്. ഗ്രാമ പഞ്ചായത്തിലെ 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ചട്ടങ്ങൾ പ്രകാരം രൂപീകരിച്ച ബൈലോയുടെ ലംഘനത്തിന് ബാദ്ധ്യസ്ഥരായ വ്യക്തികളിൽ നിന്ന് 2023-24 വർഷത്തിൽ 85,350 രൂപയും 2024-24 വർഷത്തിൽ ഓഗസ്റ്റ് 8-ാം തീയ്യതിവരെ 13,500 രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

ഓരോ വർഷവും ഗ്രാമ പഞ്ചായത്തിൽ ഹരിത കർമ്മ സേന ശേഖരിക്കുന്ന അജൈവമാലിന്യത്തിന്റെ അളവ് വർദ്ധിക്കുന്നതായും ഗ്രാമപഞ്ചായത്ത് മാലിന്യങ്ങളിൽ നിന്ന് മുക്തമാകുന്നതായും കാണാവുന്നതാണ്. ഇതിൽ നിന്നും ഗ്രാമപഞ്ചായത്തിലെ ഹരിത കർമ്മസേനയുടെ പ്രവർത്തനം ഒഴിവാക്കാനാവാത്തവിധം സ്വീകാര്യതയുള്ളതായി മാറുന്നു എന്ന് മനസ്സിലാക്കാം.

11) <u>ഹരിത കർമ്മ സേനാംഗങ്ങളുടെ പ്രവർത്തനം</u>

ഹരിത കർമ്മസേനയുടെ പ്രവർത്തനം പ്രതിമാസ യോഗങ്ങളിലൂടെ ഗ്രാമപഞ്ചായത്ത് അവലോകനം ചെയ്ത് വരുന്നുണ്ട്. എന്നാൽ ഓരോ മാസവും ശേഖരിച്ച മാലിന്യവും പിരിച്ചെടുത്ത യൂസർ ഫീയും അവലോകനം ചെയ്യുക എന്നതിനപ്പുറം ഹരിത കർമ്മസേന ശാക്തീകരണത്തിന് ഉതകുന്ന രീതിയിലുള്ള ചർച്ചകളൊന്നും അവലോകന യോഗങ്ങളിൽ നടന്നു വരുന്നില്ല.

<u>ഓഡിറ്റ് നിർദ്ദേശം</u>

1) ഹരിതകർമ്മ സേനയുടെ പ്രവർത്തനം മാർഗ്ഗരേഖകൾക്കനുസൃതമായി ക്രമീകരിക്കേണ്ടതാണ്.

**2)** യൂസർ ഫീ, ഹരിതകർമ്മസേന നൽകുന്ന വിവിധ സേവനങ്ങൾക്കുള്ള ഫീസ് എന്നിവ ഹരിത കർമ്മ സേനയുടെ അക്കൗണ്ടിൽ വരവു വെച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്. മൂന്നു തവണയിൽ കൂടുതൽ യൂസർ ഫീ ഒടുക്കാത്തവരുടെ വിവരം ഹരിതകർമ്മസേന ഗ്രാമപഞ്ചായത്തിനെ രേഖാമൂലം അറിയിക്കേണ്ടതും ഗ്രാമപഞ്ചായത്ത് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

3) എം.സി.എഫിൽ നിന്നും തരംതിരിച്ച് മാറ്റുന്ന അജൈവ മാലിന്യങ്ങൾ സ്ഥിരമായി നീക്കം ചെയ്യുന്നതിനുള്ള കോ-ഓർഡിനേഷൻ ശക്തമാക്കേണ്ടതാണ്.

4) അജൈവ മാലിന്യങ്ങൾ പുനരുപയോഗം നടത്തുന്നതിനുള്ള സംവിധാനം ഗ്രാമപഞ്ചായത്തിൽ ഏർപ്പെടുത്തേണ്ടതാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഉത്പാദിപ്പിക്കുന്ന കമ്പോസ്റ്റ്, സ്ലറി എന്നിവ കാർഷികാവശ്യത്തിന് നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

5) കരാർ വ്യവസ്ഥകൾ പ്രകാരം ഹരിത സഹായ സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും പ്രവർത്തന റിപ്പോർട്ടുകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

6) ഗ്രാമപഞ്ചായത്ത് അംഗീകരിച്ച ബൈലോ പ്രകാരമുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

7) ജൈവമാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കാനുള്ള സംവിധാനമൊരുക്കേണ്ടതാണ്.

8) ഹരിത മിത്രം ആപ്പ് വഴി QRകോഡ് പതിപ്പിച്ചവർക്ക് നിലവിൽ അവർ അടച്ചതും അടക്കാൻ അവശേഷിക്കുനന വിവരങ്ങൾ മാത്രമാണ് അറിയാൻ കഴിയുന്നത്. വീടുകൾ/സ്ഥാപനങ്ങൾ എന്നിവക്ക് യൂസർഫീ അടക്കാനുള്ള സംവിധാനം കൊണ്ടുവരേണ്ടതാണ്.

9) ഓരോ മാസവും കൂടുന്ന റിവ്യൂ മിറ്റിംഗുകളിൽ മുൻമാസത്തെ വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

10) മാലിന്യം തള്ളുന്നതോ അനധികൃതമായി തള്ളുന്നതോ ആയ സംഭവങ്ങൾ ഒഴിവാക്കുന്നതിനായി ക്യാമറ സംവിധാനങ്ങൾ, പോസ്റ്ററുകൾ എന്നിവ വയ്ക്കാവുന്നതാണ്.

11) മുൻവർഷം ഖരമാലിന്യം നീക്കം ചെയ്യാൻ വാങ്ങിയ ഇലക്ട്രിക് വാഹനം **(ഇ-കാർട്ട്)** ഉപയോഗിക്കുന്നില്ല. ഗ്രാമ പഞ്ചായത്തിൽ ഹരിതകർമ്മസേന പ്രവർത്തകർ വിവിധ സ്ഥലങ്ങളിൽ

നിന്നും ശേഖരിക്കുന്ന ഖരമാലിന്യം എം.സി.എഫിൽ എത്തിക്കുന്നതിനായി ഗ്രാമ പഞ്ചായത്തിന്റെ 2022-23 വർഷിക പദ്ധതിയിലുൾപ്പെടുത്തി രൂപീകരിച്ച പ്രോജക്ട് നം.209/23- ഹരിതകർമ്മസേനയ്ക്ക് ഇലക്ട്രിക് വാഹനം (ഇ-കാർട്ട്) പദ്ധതി പ്രകാരം സ്വച്ഛ് ഭാരത് മിഷൻ -ഗ്രാമീൺ ഫണ്ടിൽ നിന്നും, കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ആകെ 2,70,147/- രൂപ വിനിയോഗിച്ച് വാഹനം വാങ്ങിയിരുന്നു. നിലവിൽ വാഹനം ഖരമാലിന്യം ശേഖരിക്കുന്നതിനായി ഉപയോഗിക്കുന്നില്ല. മുള്ളേരിയ വെറ്ററിനറി ഡിസ്പെൻസറിയുടെ കോംബോണ്ടിലെ ഷെഡ്ഡിൽ വേണ്ടത്ര സംരക്ഷണമില്ലാതെ കിടക്കുന്ന പ്രസ്തുത വാഹനം ഉപയോഗിക്കാതെയിരുന്നാൽ കേടുപാടുകൾ സംഭവിക്കാൻ സാധ്യത വളരെക്കൂടുതലാണ്. ഇലക്ട്രിക് വാഹനമായതിനാൽ കേടുപാടുകൾ സംഭവിച്ചാൽ ഗ്രാമപഞ്ചായത്തിന് വൻ ബാധ്യതയായി മാറുവാനും ഇടയുണ്ട്. ആയതിനാൽ മാലിന്യ നീക്കം ലക്ഷ്യമിട്ട് വാങ്ങിയ വാഹനം നശിച്ച് പോകാനിടയാക്കാതെ പ്രസ്തുത വാഹനം ഉപയോഗിക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കുവാൻ കസ്റ്റോഡിയൻ ഓഫീസറായ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പ്രത്യേകം ശ്രദ്ധചെലുത്തേണ്ടതാണ്. ഇക്കാര്യത്തിലേയ്ക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

12) മാലിന്യ സംസ്കരണ മേഖലയിൽ വി.ഇ.ഓ/മറ്റ് ഉദ്യോഗസ്ഥർ സർക്കാർ ഉത്തരവനുസരിച്ചുള്ള ചുമതലകൾ നിറവേറ്റുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

കൃത്യമായ മോണിറ്ററിംഗിലൂടെയും തുടർ പ്രവർത്തനങ്ങളിലൂടെയും നിലവിലെ അവസ്ഥക്ക് പരിഹാരം കാണേണ്ടതാണ്. ഇപ്രകാരം നടപടികൾ സ്വീകരിച്ച് മാലിന്യങ്ങളുടെ ഉൽപ്പാദനം കുറയ്ക്കുക, പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണത്തിലൂടെ മറ്റ് ഉൽപ്പന്നങ്ങളാക്കി മാറ്റുക എന്നിവ നടപ്പാക്കുക വഴി സീറോ വേസ്റ്റ് എന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിന് പഞ്ചായത്തിന്റെ ഭാഗത്തു നിന്ന് കൂട്ടായ പരിശ്രമം ഉണ്ടാകേണ്ടതാണ്.

**1-11 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കിയില്ല**

സഞ്ചയസോഫ്റ്റ് വെയർ പ്രകാരം താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കിയിട്ടില്ല.

1) ബിൽഡിംഗ് ഐ.ഡി : **51189010005258**

ഡോർ നം : 4/17/

ഉടമയുടെ പേര് : Reliance Telecom Infrastructre Ltd. A&P Arcade S.A Road Cochin

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ നികുതി |
|---|---|---|---|---|---|
| 1 | 2022 | രണ്ടാം അർദ്ധവർഷം | 10467.00 | 523.00 | 10990.00 |
| 2 | 2023 | ഒന്നാം അർദ്ധവർഷം | 15120.00 | 756.00 | 15876.00 |
| 3 | 2023 | രണ്ടാം അർദ്ധവർഷം | 15120.00 | 756.00 | 15876.00 |
| ആകെ തുക | | | 40707 | 2035 | 42742 |

2) ബിൽഡിംഗ് ഐ.ഡി : 51189010005340

ഡോർ നം : 4/18/

ഉടമയുടെ പേര് : Dish Net Wireless Ltd Aircel

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ നികുതി |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 8136.00 | 407.00 | 8543.00 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |

| | | | | | |
|---|---|---|---|---|---|
| 6 | 2015 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 9 | 2017 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 10 | 2017 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 11 | 2018 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 12 | 2018 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 13 | 2019 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 14 | 2019 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 15 | 2020 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 16 | 2020 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 17 | 2021 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 18 | 2021 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 19 | 2022 | ഒന്നാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 20 | 2022 | രണ്ടാം അർദ്ധവർഷം | 9000.00 | 450.00 | 9450.00 |
| 21 | 2023 | ഒന്നാം അർദ്ധവർഷം | 9450.00 | 473.00 | 9923.00 |
| 22 | 2023 | രണ്ടാം അർദ്ധവർഷം | 9450.00 | 472.00 | 9922.00 |
| ആകെ തുക | | | 198036 | 9902 | 207938 |

3) ബിൽഡിംഗ് ഐ.ഡി : 51189010005033

ഡോർ നം : 4/192/

ഉടമയുടെ പേര് : Reliance Infocom Ltd

| ക്രമ നമ്പർ | വർഷം | കാലയളവ് | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ നികുതി |
|---|---|---|---|---|---|
| 1 | 2021 | ഒന്നാം അർദ്ധവർഷം | 12776.00 | 639.00 | 13415.00 |
| 2 | 2021 | രണ്ടാം അർദ്ധവർഷം | 14700.00 | 735.00 | 15435.00 |
| 3 | 2022 | ഒന്നാം അർദ്ധവർഷം | 14700.00 | 735.00 | 15435.00 |
| 4 | 2022 | രണ്ടാം അർദ്ധവർഷം | 14700.00 | 735.00 | 15435.00 |
| 5 | 2023 | ഒന്നാം അർദ്ധവർഷം | 15435.00 | 772.00 | 16207.00 |
| 6 | 2023 | രണ്ടാം അർദ്ധവർഷം | 15435.00 | 772.00 | 16207.00 |
| ആകെ തുക | | | 87746 | 4388 | 92134 |

തുക ഈടാക്കാത്തത് സംബന്ധിച്ച വിശദീകരണം, തുടർ നടപടി വിവരം എന്നിവ ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ചുവടെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

A) ക്രമ നമ്പർ 1 പ്രകാരമുള്ള മൊബൈൽ ടവറിന് 42,742/- രൂപ അടവാക്കാൻ ബാക്കിയുള്ളതിൽ ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ടവർ ഉടമസ്ഥത നിലവിൽ കൈമാറിയിട്ടുള്ളതായാണ് അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞത്. ഉടമസ്ഥത ഗ്രാമപഞ്ചായത്തിൽ മാറ്റിയിട്ടില്ല. തുടർ നടപടി സ്വീകരിച്ച് തുക ഈടാക്കുന്നതാണ്.

B) ക്രമ നമ്പർ 2 പ്രകാരമുള്ള മൊബൈൽ ടവർ നിലവിൽ പ്രവർത്തനം അവസാനിപ്പിച്ചിട്ടുള്ളതാണ്. ടി മൊബൈൽ ടവറിന്റെ സ്ട്രക്ചർ മാത്രമേ നിലവിലുള്ളൂ. തുടർ നടപടി സ്വീകരിച്ച് തുക ഈടാക്കുന്നതാണ്.

C) ക്രമ നമ്പർ 3 പ്രകാരമുള്ള മൊബൈൽ ടവർ 92134/-രൂപ അടവാക്കാൻ ബാക്കിയുള്ളതിനാൽ

ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ട്. ടി ടവർ 2021-22 മുതൽ പ്രവർത്തനമില്ലാത്തതാണ് എന്നാണ് അന്വേഷണത്തിൽ അറിയുവാൻ കഴിഞ്ഞത്. തുടർ നടപടി സ്വീകരിച്ച് തുക ഈടാക്കുന്നതാണ്.

മേൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നതു സംബന്ധിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കേണ്ടതും തുടർ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 7/7.08.2024.

**1-12 ലേലം - തുടർനടപടി സ്വീകരിക്കുന്നില്ല.**

1) 2022-23 സാമ്പത്തിക വർഷം ടെണ്ടർ ചെയ്ത് പ്രവൃത്തി നടന്നു വരുന്ന എം.സി.എഫ് നിർമ്മാണം (പ്രോജക്ട് നമ്പർ 187/24 -സ്പിൽ ഓവർ 228/23) എന്ന പ്രവൃത്തിയുടെ ഭാഗമായി നിലവിലുണ്ടായിരുന്ന പൊളിഞ്ഞു വീഴാറായ കെട്ടിടം പൊളിച്ചു നീക്കിയതു പ്രകാരം ലഭിച്ച സാധനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ ചുവടെ പറയും പ്രകാരം വാല്യൂവേഷൻ നടത്തി 7/12/2023 ൽ സമർപ്പിച്ചിട്ടുണ്ട്.

| ക്രമ നമ്പർ | ഇനം | അളവ് | മൂല്യം |
|---|---|---|---|
| 1 | Laterite | 513 എണ്ണം | 6,617.70 |
| 2 | Scrap (8mm Steel Rod - 270.180kg, 16mm Steel Rod - 31.600kg, 40x40x5 Mm MS Angle - 65.340kg) | 367.120 Kg | 8,076.64 |
| ആകെ മൂല്യം | | | 14,694.34 |

27/12/2023 ലെ SC1-100/23 നമ്പർ ലേല പരസ്യം പ്രകാരം 05/01/2024 ന് രാവിലെ 11 മണിക്ക് മേൽ സാധന സാമഗ്രികൾ ലേലം ചെയ്ത് വിൽക്കാൻ തീരുമാനിച്ചിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച തുടർ നടപടി വിവരം ലഭ്യമല്ല.

2) പൊതു സ്മശാനം ഇംപ്രൂവ്മെന്റ് (203/24, സ്പിൽ ഓവർ 14/23) എന്ന പ്രവൃത്തിയുടെ ഭാഗമായി ലഭിച്ച സാധനങ്ങൾ അസിസ്റ്റന്റ് എഞ്ചിനീയർ ചുവടെ പറയും പ്രകാരം വാല്യൂവേഷൻ നടത്തി 25/01/2024 ൽ സമർപ്പിച്ചിട്ടുണ്ട്.

| ഇനം | അളവ് | മൂല്യം |
|---|---|---|
| Laterite Boulders | 43m3 | 40,780 (948.37 X 43) |

മേൽ സാധന സാമഗ്രികൾ ലേലം ചെയ്യുന്നത് സംബന്ധിച്ച് തീരുമാനം എടുത്തതിന്റെയോ ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെയോ വിവരം ലഭ്യമാക്കുന്നതിനു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ചുവടെ പറയും പ്രകാരം മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

A) എം.സി.എഫ് നിർമ്മാണത്തിന്റെ സ്ഥലത്ത് നിലവിലുണ്ടായിരുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റിയതിന്റെ സാധന സാമഗ്രികൾ ലേലം ചെയ്തുവെങ്കിലും ആരും തന്നെ ലേലത്തിൽ പങ്കെടുക്കാത്ത സാഹചര്യത്തിൽ ലേലം നടന്നില്ല. പുതുതായി എം.സി.എഫ് കെട്ടിടം നിർമ്മിക്കുന്ന കരാറുകാരനാണ് പഴയ കെട്ടിടം പൊളിച്ച് മാറ്റിയത്. പുതിയ കെട്ടിടത്തിന്റെ പണി ഏറെക്കുറെ പൂർത്തിയാവുകയും കരാറുകാരന് പാർട്ട് ബില്ല് നൽകുകയും ചെയ്തിട്ടുണ്ട്. കരാറുകാരന് മുഴുവൻ തുകയും അനുവദിക്കുന്നതിന് മുമ്പ് പഴയ സാധനങ്ങളുടെ വാല്യൂവേഷൻ പ്രകാരമുള്ള 14,694.34/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണ്.

B) പൊതു ശ്മശാനം ഇംപ്രൂവ്മെന്റ് എന്ന പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ലഭിച്ച പാറക്കല്ലുകളാണ് ലേലം ചെയ്യേണ്ടിയിരുന്നത്. അസിസ്റ്റന്റ് എൻഞ്ചിനീയർ നൽകിയ വാല്യൂവേഷൻ പ്രകാരം 40,780/-

രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യം ഭരണസമിതിയിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുതുമാണ്. പഞ്ചായത്ത് ഭരണസമിതിയിൽ കരാറുകാരനോടും അസിസ്റ്റന്റ് എഞ്ചിനീയറോടും ഇക്കാര്യം ചർച്ച ചെയ്യുതും പൊട്ടിച്ചെടുത്ത ഉരുള്ളൻ കല്ലുകൾ 2024-25 വർഷം പൊതുശ്മശാനം ആധുനിക വൽകരണം ഫേസ് സെക്കന്റ് എന്ന പദ്ധതി നടപ്പിലാക്കുമ്പോൾ ശ്മശാനത്തിന്റെ സ്ഥലം ലെവലിങ്ങിന് ഉപയോഗിക്കാമെന്ന ഒരു തീരുമാനത്തിലേക്ക് എത്തിയിട്ടുള്ളതുമാണ്.
മേൽ പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 31/12.08.2024.

## 1-13 തൊഴിൽ നികുതി ഈടാക്കിയില്ല

2023-24 സാമ്പത്തികവർഷം ചുവടെ പറയുന്ന ജീവനക്കാരിൽ നിന്നും രണ്ടാം അർദ്ധവർഷം തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

A) തഹസീൽദാർ ഓഫീസ്

B) ലിറ്ററസി മിഷൻ

C) കെ.പി.എ.എൽ.പി.എസ്, കൊട്ടംകുഴി

മേൽ വിഷയത്തിന നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, തഹസീൽദാർ ഓഫീസിന് ആർ.ആർ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ലിറ്ററസി മിഷൻ , കെ.പി.എ.എൽ.പി.എസ് കൊട്ടംകുഴി എന്നിവയ്ക്ക് ശമ്പളം കിട്ടിയിട്ടില്ലാത്തതിനാലാണ് നികുതി ഈടാക്കാത്തതെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.
തുടർ നടപടി സ്വീകരിച്ച് വിവരം രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ 36/12.08.2024.

## 1-14 സ്രോതസ്സിൽ നിന്നും കിഴിവ് വരുത്തിയ നികുതിയിനങ്ങൾ- ധനകാര്യക്കമ്മീഷൻ ഗ്രാന്റിന് പകരം തനത് ഫണ്ടിൽ നിന്നും അടവാക്കി

ധനകാര്യക്കമ്മീഷൻ ഗ്രാന്റ് വിനിയോഗിച്ച് 2023-24 വർഷം നടപ്പിലാക്കിയ വിവിധ പദ്ധതികളുടെ തുക അനുവദിക്കുമ്പോൾ സ്രോതസ്സിൽ നിന്നും ഈടാക്കിയ ആദായ നികുതി, ജി.എസ്.ടി എന്നീയിനങ്ങളിലുള്ള തുകകൾ ധനകാര്യക്കമ്മീഷൻ ഗ്രാന്റ് അക്കൗണ്ടിൽ നിന്നും അടവാക്കുന്നതിന് പകരം ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 2024 മാർച്ച്, മെയ് മാസങ്ങളിലായി ബന്ധപ്പെട്ട വകുപ്പുകളിൽ അടവാക്കിയിട്ടുണ്ട്. അധികൃതർ ലഭ്യമാക്കിയ പട്ടിക പ്രകാരം 2024 മാർച്ച് മാസം ആദായ നികുതി ഇനത്തിൽ 6,305/- രൂപയും (ചെക്ക് നം.29054/28.3.2024), 2024 മെയ് മാസം ജി.എസ്.ടി ഇനത്തിൽ 36,084/-രൂപയും (ചെക്ക് നം.029618/20.05.2024), ആദായ നികുതി ഇനത്തിൽ 18,035/- രൂപയും (ചെക്ക് നം.029617/20.05.2024) ഇത്തരത്തിൽ ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും അടവാക്കിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് തനത് ഫണ്ടിൽ നിന്നും അടവാക്കിയ തുക ധനകാര്യക്കമ്മീഷൻ ഗ്രാന്റിൽ നിന്നും റീക്കുപ്പ് ചെയ്യുവാൻ നടപടികൾ സ്വീകരിച്ച് വിശദാംശം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. സർക്കാരിലേയ്ക്കും മറ്റ് സ്ഥാപനങ്ങളിലേയ്ക്കും ഒടുക്കേണ്ട തുകകളുടെ കൃത്യത ഉറപ്പ് വരുത്തി യഥാസമയം ഒടുക്കു വരുത്തുവാനും ശ്രദ്ധ നല്കേണ്ടതാണ്.

## 1-15 ബഡ്സ് സ്കൂളിലേയ്ക്ക് പുതിയ വാഹനം വാങ്ങൽ - നിലവിലുള്ള വാഹനം കയ്യൊഴിയാൻ നടപടി സ്വീകരിച്ചില്ല

ഓഡിറ്റ് വർഷം നടപ്പിലാക്കിയ ബഡ്സ് സ്കൂളിലേയ്ക്ക് വാഹനം വാങ്ങൽ പദ്ധതി (പ്രോ.നം.247/23-24) പ്രകാരം കുടുംബശ്രീ മിഷൻ അനുവദിച്ച 15 ലക്ഷം രൂപയും ഗ്രാമ പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും 1,45,274 രൂപയും ഉൾപ്പടെ 16,45,274/- രൂപ വിനിയോഗിച്ച് ബഡ്സ് സ്കൂൾ ഉപയോഗത്തിനായി പുതിയ വാഹനം വാങ്ങിയിട്ടുണ്ട്. എന്നാൽ നിലവിൽ ഉപയോഗിച്ച് വന്നിരുന്ന വാഹനം (KL14 S 8569) കയ്യൊഴിയാൻ നടപടികൾ സ്വീകരിക്കാതെയാണ് പുതിയ വാഹനം വാങ്ങിയിട്ടുള്ളത്. ബഡ്സ് സ്കൂൾ ഉപയോഗത്തിനായി സർക്കാർ അനുവദിച്ച് നല്കിയിരുന്ന വാഹനം

സ്ഥിരമായി തകരാറിലാവുകയും നടത്തിപ്പ് ചെലവിനത്തിൽ ഭീമമായ തുക ചെലവഴിക്കേണ്ടി വരുന്നതിനാലുമാണ് ഭരണ സമിതി തീരുമാനം പ്രകാരം പുതിയ വാഹനം വാങ്ങിയതെന്ന് അധികൃതർ അറിയിക്കുകയുണ്ടായി. നിലവിൽ ഉപയോഗിച്ചിരുന്ന വാഹനം സർക്കാരിലേയ്ക്ക് തിരികെ നല്കുവാനോ അല്ലെങ്കിൽ വാഹനങ്ങൾ കയ്യൊഴിയുന്നതിനുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരമുള്ള നടപടിക്രമങ്ങളും സമയ പരിധിയും പാലിച്ച് (സ.ഉ (കൈ) നം.45/19 പൊ.മ.വ തി.16.10.2019) സർക്കാർ/ഭരണ വകുപ്പ് അനുമതിയോടെ കയ്യൊഴിയുവാനോ നടപടികൾ സ്വീകരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

**1-16 വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ്.ടി) - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ

പ്രോജക്ട് നം. S0022/24

പ്രോജക്ടിന്റെ പേര് - വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ്.ടി)

അടങ്കൽ - വികസന ഫണ്ട് (ടി.എസ്.പി ) - 3,00,000/-രൂപ

ചെലവ് തുക - 1,50,000/-രൂപ

ബിൽ റഫറൻസ് നമ്പർ, തീയതി -232002520188015346 40/25.03.2024, Rs.1,50,000/-

പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | തീയ്യതി |
|---|---|---|---|
| 1 | ശാരദ W/O (L) കൃഷ്ണനായ്ക്ക്, ബല്ലക്കാട് ഹൗസ്,ആദൂർ പി.ഒ, - വാർഡ് - 7 | 50,000/- | 25.03.2024 |
| 2 | പത്മാവതി W/O (L) ചോമ നായ്ക്ക് , ബല്ലക്കാട്, ആദൂർ പി.ഒ - വാർഡ് - 7 | 50,000/- | 25.03.2024 |
| 3 | ശിവപ്രസാദ്.സി S/O ബാബുനായ്ക്ക്, തെക്കെകര ഹൗസ്, കാറഡുക്ക പി.ഒ -വാർഡ് - 6 | 50,000/- | 25.03.2024 |

വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മേൽ ഗുണഭോക്താക്കളുടെ വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും വാല്യുവേഷൻ ലഭ്യമാകുന്ന മുറയ്ക്ക് തുടർ ഗഡുക്കൾ അനുവദിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരണ രേഖകൾ ഹാജരാക്കുന്നത് വരെ 1,50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.22/08.082024.

**1-17 വീട് വാസയോഗ്യമാക്കൽ പദ്ധതി -അതിദരിദ്രർ (ജനറൽ) -പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല.**

| | |
|---|---|
| പ്രോജക്ട് നം. | S0023/24 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ പദ്ധതി-അതിദരിദ്രർ - (ജനറൽ) 23-24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ) - 8,50,000/-രൂപ |
| ചെലവ് തുക | 8,50,000/-രൂപ |

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ, തീയതി | 23200252018800149236/01.06.2023, Rs.2,50,000/- |
| | 23200252018801026754/05.01.2024, Rs.50,000/- |
| | 23200252018800099125/17.05.2023, Rs.1,00,000/- |
| | 23200252018800274195/05.07.2023, Rs.2,50,000/- |
| | 23200252018801026764/05.01.2024, Rs.50,000/- |
| | 23200252018801026780/05.01.2024, Rs.50,000/- |
| | 23200252018801534954/25.03.2024, Rs.1,00,000/- |

പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താവിന്റെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | തീയ്യതി |
|---|---|---|---|
| 1 | ശ്രീമതി നാരായണി W/O നാരായണ നായ്ക്ക്,മുണ്ടോൽമൂല ഹൗസ്, കാറഡുക്ക - | 50,000/- | 25.03.2024 |

വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മേൽ ഗുണഭോക്താവ് വീട് പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും വാല്യുവേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ ഗഡുക്കൾ അനുവദിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ മേൽ സൂചിപ്പിച്ച ഗുണഭോക്താവ് വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. പൂർത്തീകരണ രേഖകൾ ഹാജരാക്കുന്നത് വരെ 50,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.23/08.082024.

**1-18 വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ്.സി) - പൂർത്തീകരണ വിവരം ലഭ്യമാക്കിയില്ല. വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ്.സി) - പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതാണ്.**

| | |
|---|---|
| പ്രോജക്ട് നം. | S0021/24 |
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ പദ്ധതി (എസ്.സി)23-24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| അടങ്കൽ | വികസന ഫണ്ട് (എസ്.സി.പി ) - 12,00,000/-രൂപ |
| ചെലവ് തുക | 7,00,000/-രൂപ |
| ബിൽ റഫറൻസ് നമ്പർ, തീയതി | 23200252018800812987/20.11.2024, Rs.2,50,000/- |
| | 23200252018800860705/29.11.2024, Rs.1,50,000/- |
| | 23200252018801167588/02.05.2024, Rs.1,00,000/- |
| | 23200252018801209544/13.02.2024, Rs.50,000/- |
| | 23200252018801534519/25.03.2024, Rs.1,00,000/- |
| | 23200252018801534729/25.03.2024, Rs.50,000/- |

പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമനം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | തീയ്യതി |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ലളിത W/O (L) കൃഷ്ണൻ, നാട്ടക്കൽ, വാർഡ് - 5 | 50,000/- | 28.11.2023 |
| 2 | ബാബു.എ.കെ S/O ചനിയ, കടയക്കോട്, ആദൂർ -വാർഡ് - 6 | 50,000/- | 16.11.2023 |
| 3 | കരിയപ്പ.കെ S/O ഗോജ, കൈത്തോട്, ആദൂർ -വാർഡ് - 6 | 50,000/- | 16.11.2023 |
| 4 | ശ്യാമള.കെ W/O ശേഖരൻ, നെല്ലിയടുക്ക,മൊവ്വാർ - വാർഡ് - 1 | 50,000/- | 16.11.2023 |
| 5 | ഓമന എ D/O പഞ്ചി, അടുക്കം ഹൗസ്, മുള്ളേരിയ,വാർഡ- 3 | 50,000/- | 28.11.2023 |
| 6 | സുന്ദര S/O (L) കൊറഗ, കൊളിക്കജെ ഹൗസ്, മൊവ്വാർ - വാർഡ് - 1 | 50,000/- | 28.11.2023 |
| 7 | കമല W/O മൈല (L) ഉയിത്തടക്ക ഹൗസ്, ആദൂർ പി.ഒ - വാർഡ് - 8 | 50,000/- | 13.02.2024 |
| 8 | ബാബു.കെ S/O ബൈറ , കട്ടത്തുമ്പയൽ ഹൗസ്, ആദൂർ - വാർഡ് - 7 | 50,000/- | 25.03.2024 |
| 9 | മിനി.എം W/O വിജയൻ എം, വൈഷ്ണവി നിലയം , മൂടാംകുളം , കാറഡുക്ക വാർഡ് - 14 | 50,000/- | 25.03.2024 |
| 10 | ദേവകി W/O കുഞ്ഞിരാമൻ, ബെർലം ഹൗസ്, കാറഡുക്ക വാർഡ്- 15 | 50,000/- | 25.03.2024 |
| | ആകെ | 5,00,000/- | |

വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മേൽ ഗുണഭോക്താക്കളുടെ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും വാല്യുവേഷൻ ലഭ്യമാക്കുന്ന മുറയ്ക്ക് തുടർ ഗഡുക്കൾ അനുവദിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കുകയുണ്ടായി. പദ്ധതി പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റിയ മേൽ സൂചിപ്പിച്ച ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ മേൽ പരാമർശിച്ച 5,00,000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നം.21/08.082024.

## 1-19 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ- മരുന്ന് ലഭ്യമായില്ല.

നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഹോമിയോ), മുള്ളേരിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രോജക്ട് നമ്പർ | 160/2023-24 |
| പ്രോജക്ട് | മുള്ളേരിയ ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ തുക | 1,00,000രൂപ |
| ചെലവ് തുക | 1,00,000രൂപ |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 23200252027000700179<br>തിയ്യതി:27.10.2023 |
| ഫണ്ട് ഇനം | മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ് ) |
| സ്ഥാപനം | മാനേജിംഗ് ഡറക്ടർ (ഹോംകോ ), കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ |
| അക്കൗണ്ട് നമ്പർ | 34306403911 |

കാറഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി , മുള്ളേരിയ

ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങുന്നതിന് മേൽ ബിൽ റഫറൻസ് നമ്പർ പ്രകാരം 1,00,000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഹോമിയോ), കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡി (ഹോംകോ-ആലപ്പുഴ)ന്റെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-34306403911)27.10.2023-ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ മരുന്ന് ലഭ്യമായിട്ടില്ല. മരുന്ന് ലഭ്യമാക്കി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുകയായ 1,00,000രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നമ്പർ : 19/8.8.2024.)

## 1-20 എച്ച്.എം.സി വരവ്-ചെലവ് കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല

2010-ലെ കേരള പഞ്ചായത്ത് രാജ് (പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം 3 പ്രകാരം മുള്ളേരിയ എഫ്.എച്ച്.സി.യുടെ മാനേജിംഗ് കമ്മിറ്റി രൂപീകരണം സംബന്ധിച്ച് സ്ഥാപനത്തിൽ നിന്നും ലഭ്യമായ വിവരം (ഓഡിറ്റ് എൻക്വയറി നമ്പർ 3/05.08.2024) ചുവടെ ചേർക്കുന്നു.

1) എച്ച്.എം.സി രൂപീകരിച്ചതിന്റെ വിശദാംശം

| പൊതുജനാരോഗ്യ സ്ഥാപനത്തിന്റെ പേര് | എച്ച്.എം.സി രൂപീകരിച്ച തീയതി | വരവ്-ചെലവ് കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചത് (സാമ്പത്തിക വർഷം) | ഓഡിറ്റ് റിപ്പോർട്ട് ലഭിച്ചവ |
|---|---|---|---|
| | | | സാമ്പത്തിക വർഷം |
| എഫ്.എച്ച്.സി മുള്ളേരിയ | 2001 | 2005-06 | 2005-06 |

2) കളക്ഷന്റെ വിശദാംശം

| ഈടാക്കുന്ന തുക | ഈടാക്കി തുടങ്ങിയ തീയതി | തീരുമാനം |
|---|---|---|
| ഓ.പി ടിക്കറ്റ് 3 രൂപ | 01/05/2018 | 11/04/2018 |
| ഓ.പി ടിക്കറ്റ് 5 രൂപ | 01/11/2018 | 12/10/2018 |
| UHID കാർഡ് 10 രൂപ | 22/06/2019 | 21/06/2019 |
| ലാബ് ചാർജ്ജ് | 01/07/2018 | 13/06/2018 |
| ഇ.സി.ജി 30 രൂപ | 28/08/2018 | ലഭ്യമല്ല |

3) ബാങ്ക് അക്കൗണ്ടിന്റെ വിശദാംശം

| ബാങ്ക് | അക്കൗണ്ട് നമ്പർ | തുടങ്ങിയ തീയതി |
|---|---|---|
| കാനറ ബാങ്ക് മുള്ളേരിയ | 42142200123697 | 17/01/2001 |

15.06.2010 ലെ ജി.ഒ.(എം.എസ്.)125/2010/എൽ.എസ്.ജി.ഡി.(എസ്.ആർ.ഒ.നം.598/10))പ്രകാരമുള്ള പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 9(1) ലൂടെ ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ ഫണ്ട് ഓഡിറ്റ് ചെയ്യുന്നതിനുള്ള ചുമതല കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിക്ഷിപ്തമാക്കിയിട്ടുണ്ട്. ആയതിനാൽ മുകളിൽ പറഞ്ഞപ്രകാരം ഓഡിറ്റിന് വിധേയമാക്കിയിട്ടില്ലാത്ത 2006-07 മുതലുള്ള വരവ് ചെലവ് കണക്കുകൾ ഓഡിറ്റിനായി നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി ലഭ്യമാക്കേണ്ടതാണ്.

## 1-21 മുള്ളേരിയ ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങൽ പദ്ധതി-പ്രിന്റർ

**ലഭ്യമായില്ല.**

നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഹോമിയോ), മുള്ളേരിയ ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ ചേർക്കുന്ന .

| | |
|---|---|
| പ്രോജക്ട് നമ്പർ | 264/2023-24 |
| പ്രോജക്ട് | മുള്ളേരിയ ഹോമിയോ ഡിസ്പെൻസറിക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങൽ |
| അടങ്കൽ തുക | 1,20,000രൂപ |
| ചെലവ് തുക | 35,040രൂപ |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 23200252027001006383<br>തിയ്യതി:01.1.2024 |
| ഫണ്ട് ഇനം | മെയിന്റനൻസ് ഗ്രാന്റ് ( നോൺ റോഡ് ) |
| സ്ഥാപനം | കേരള സ്റ്റേറ്റ് ഐ.ടി.മിഷൻ (കെൽട്രോൺ) |
| അക്കൗണ്ട് നമ്പർ | 799011400003959 |

കാറഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മുള്ളേരിയ ഗവ. ഹോമിയോ ഡിസ്പെൻസറിയിലേക്ക് കമ്പ്യൂട്ടറും മറ്റ് ഉപകരണങ്ങളും വാങ്ങുന്നതിന് (A4 MULTI FUNCTION PRINTER ) മേൽ ബിൽ റഫറൻസ് നമ്പർ പ്രകാരം 35,040 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ മെഡിക്കൽ ഓഫീസർ (ഹോമിയോ), കേരള സ്റ്റേറ്റ് ഐ.ടി.മിഷന്റെ (കെൽട്രോൺ) അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ-799011400003959) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ പ്രിന്റർ ലഭ്യമായിട്ടില്ല. പ്രിന്റർ ലഭ്യമാക്കി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ചെലവ് തുകയായ 35,040 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നമ്പർ 20 /8.8.2024.

**1-22 തെങ്ങിൻ തൈ വിതരണം പദ്ധതി (SC/ST)-രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല.**

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി തെങ്ങിൻ തൈ വിതരണം പദ്ധതി (SC/ST) നടപ്പിലാക്കുന്നതിന് ചെലവഴിച്ച തുകയുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 252 /2023-24 |
| പ്രോജക്ട് | തെങ്ങിൻ തൈ വിതരണം പദ്ധതി (SC/ ST) |
| അടങ്കൽ തുക | 66,250രൂപ |
| ചെലവ് തുക | 66,250 രൂപ |
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 23200252018601541979<br>തിയ്യതി:25.3.2024 |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ) |
| സ്ഥാപനം | ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ |
| അക്കൗണ്ട് നമ്പർ | 799011400005804 |
| ഇൻവോയിസ് നമ്പർ | 204/K/000051/2023-24, DATE:8.9.2023 |

കാറഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി തെങ്ങിൻ തൈ വിതരണം (SC/ST) പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തെങ്ങിൻ തൈ വിതരണം ചെയ്തിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ SC/ST ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. മേൽ

ബിൽ റഫറൻസ് നമ്പർ പ്രകാരം 66,250രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസർ, പദ്ധതി നടത്തിപ്പിനായി 25.3.2024-ന് ട്രഷറി ഡയറക്ടറുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പര്- 799011400005804 )ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. സ.ഉ.(കൈ) 115/ 2022/ ത.സ്വ.ഭ.വ, തിയ്യതി:28.5.2022 ,സബ്സിഡി മാർഗ്ഗ രേഖ ,ഖണ്ഡിക : 2.17-ൽ സബ്സിഡി ആനുകൂല്യം സംബന്ധിച്ച് നിർദ്ദേശിച്ചിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ധനസഹായം നൽകുന്നതിന് 7.10.2021-ലെ ജി.ഒ.പി നമ്പർ 1/2021/PIE&MD പ്രകാരം, SC/ST ഗുണഭോക്താക്കൾക്ക് സബ്സിഡി ആനുകൂല്യം ലഭിക്കുന്നതിന് ചുവടെ ചേർത്ത ഏതെങ്കിലും രേഖകൾ ഹാജരാക്കേണ്ടതാണ്.

(1) എസ്.എസ്.എൽ.സി. /സ്കൂൾ രജിസ്റ്ററിലെ രേഖകൾ .

(2)ഏതെങ്കിലും ആവശ്യത്തിന് മൂന്ന് വർഷ കാലയളവിനുള്ളിൽ റവന്യു അധികാരികളിൽ നിന്നും വാങ്ങിയ രേഖകൾ .

എന്നാൽ താഴെ ചേർത്ത ഗുണഭോക്താക്കൾ ബന്ധപ്പെട്ട രേഖകൾ അപേക്ഷകളോടൊപ്പം ഉൾക്കൊള്ളിച്ചി- ട്ടില്ല.വിശദവിവരം താഴെ ചേർക്കുന്നു.

1. വിനയകുമാർ .എച്ച്, കുണ്ടാർ ,

2. ബാബു C/O രാജീവി, അടുക്കം

3.രമേശ്.ബി. S/O സഞ്ജീവ, ബദൽമൂലെ

4.ജാനകി W/O ഭാസ്കരൻ ഉഗ്രാണിയടുക്കം

5.നാരായണി W/O കറുവ , മായിലൻകോട്ടെ

6.കമല W/O ബാബു, കട്ടത്തബയൽ

7.രാമ എ W/O മാലിങ്ക നായ്ക്ക് , ആലന്തടുക്കം

8.കെ. കൃഷ്ണ നായ്ക്ക് S/O കൊറഗ നായ്ക്ക്, അംബിക നഗർ

9.ചോമു , ഉയിത്തടുക്ക , കുണ്ടാർ

10. കമലാക്ഷൻ പി S/O കൊറഗൻ , പയ്യനടുക്കം

11.എം.കെ .ലക്ഷ്മി W/O ആനന്ദ , കോയങ്കോഡ്

12. സരോജിനി W/O കൊറഗൻ, പയ്യനടുക്കം

13.പുഷ്പ ബി നാരായണ നായ്ക്ക് , മല്ലാവാര

14. ശ്വേത കുമാരി കെ. ഗുഡ്ഡെ , കാരഡുക്ക

ഗുണഭോക്താക്കൾ SC/ST-യിൽ ഉൾപ്പട്ടവരാണെന്ന് തെളിയിക്കുന്നതിനുള്ള രേഖകകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 66,250 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നമ്പർ 38/12.8.2024.

**1-23 നെൽകൃഷി വികസനം പദ്ധതി- രേഖകൾ ഹാജരാക്കിയില്ല.**

നെൽ കൃഷി വികസനം പദ്ധതി നടപ്പിലാക്കുന്നതിന് കൃഷി ഓഫീസർ ചെലവഴിച്ച തുകയുടെ വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 12 /2023-24 |
| പ്രോജക്ട് | നെൽ കൃഷി വികസനം |
| അടങ്കൽ തുക | 3,08,480രൂപ |
| ചെലവ് തുക | 80,000രൂപ |

| | |
|---|---|
| ബിൽ റഫറൻസ് നമ്പർ/ തിയ്യതി | 23200252018600236368<br>തിയ്യതി:23.6.2023 |
| ഫണ്ട് ഇനം | വികസന ഫണ്ട് (ജനറൽ) |
| സ്ഥാപനം | സ്റ്റേറ്റ് സീഡ് ഫാം, കാസറഗോഡ് |
| അക്കൗണ്ട് നമ്പർ | 34894868476 |

കാറഡുക്ക ഗ്രാമ പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കൃഷി വികസനം പദ്ധതി നടപ്പിലാക്കുന്നതിന്, കാസറഗോഡ് സ്റ്റേറ്റ് സീഡ് ഫാമിൽ നിന്നും കിലോഗ്രാമിന് 40 രൂപ നിരക്കിൽ 2000 കിലോഗ്രാം നെൽവിത്ത് വാങ്ങിട്ടുണ്ട്. സ്റ്റോക്ക് രജിസ്റ്റർ പ്രകാരം പഞ്ചായത്തിലെ 8 പാടശേഖരസമിതികൾ നെൽവിത്ത് കൈപ്പറ്റിയിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പാടശേഖരസമിതികളുടെ പേര് | കൈപ്പറ്റിയ നെൽവിത്ത് (കിലോഗ്രാമിൽ) |
|---|---|---|
| 1 | ബെർളം പാടശേഖരസമിതി | 300 |
| 2 | കുണ്ടാർ മഹാവിഷ്ണു സാമൂഹിക ബത്ത ഉൽപാദന സമിതി | 510 |
| 3 | കാർളെ പാടശേഖരം | 188 |
| 4 | കോളിക്കാൽ പാടശേഖരം | 205 |
| 5 | മല്ലാവാര നെല്ലുൽപാദക സമിതി | 425 |
| 6 | മിഞ്ചിപ്പദവ് | 208 |
| 7 | കൊട്ടംകുഴി | 110 |
| 8 | ബീരങ്കോൾ | 54 |
| **ആകെ** | | **2000** |

എന്നാൽ നെൽകൃഷി ചെയ്തതുമായി ബന്ധപ്പെട്ട് പ്രസ്തുത പാടശേഖര സമിതികളുടെ രേഖകൾ ഉൾക്കൊള്ളുന്ന അപേക്ഷകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അതിനാൽ പാടശേഖര സമിതികളുടെ നെൽകൃഷി സംബന്ധിച്ച വിശദവിവരം പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ ചെലവ് തുകയായ 80,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ 41/13.8.2024.

**1-24 കാർഷിക മേഖലയിലെ പദ്ധതികളുടെ നിർവഹണം- പൊതു നിർദേശങ്ങൾ.**

2023-24 വർഷത്തിൽ കാർഷിക മേഖലയിൽ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിർവഹണം പരിശോധിച്ചതു പ്രകാരം താഴെ ചേർത്ത പൊതു നിർദേശങ്ങൾ നൽകുന്നു.

**1.** വ്യക്തിഗത ആനുകൂല്യങ്ങൾ അനുവദിക്കുന്ന പദ്ധതികളിൽ സ്ഥല പരിശോധന, കൃഷി ചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, ഏതെല്ലാം കൃഷികളാണ് ചെയ്തിട്ടുള്ളത് തുടങ്ങിയ വസ്തുതകൾ ഉത്തരവാദിയായ കൃഷി ഓഫീസറോ / കൃഷി അസിസ്റ്റന്റോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

2) കൃഷിക്ക് കൂലിച്ചെലവ് പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് സബ്സിഡി മാർഗ്ഗരേഖയിലെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം ഗുണഭോക്താക്കൾ നെൽകൃഷി ചെയ്തിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കണം. പരിശോധനാ റിപ്പോർട്ടുകൾ ഗുണഭോക്താക്കളുടെ വ്യക്തിഗത അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ടതാണ്. കൂലിച്ചെലവ് നൽകുന്ന സാഹചര്യത്തിൽ കൃഷിചെയ്ത സ്ഥലത്തിന്റെ വിസ്തൃതി, കൃഷിച്ചെലവ്, അനുവദിക്കുന്ന സബ്സിഡി തുടങ്ങിയ വിവരങ്ങൾ ഉൾപ്പെടുന്ന നിർവ്വഹണ ഉദ്യോഗസ്ഥന്റെ പരിശോധനാ സാക്ഷ്യപത്രം അപേക്ഷകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്.

3) വ്യക്തിഗത അപേക്ഷകളിൽ വർക്കിങ്ങ് ഗ്രൂപ്പ് കൺവീനർ, ചെയർമാൻ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തേണ്ടതാണ്.

4) നടീൽ, കൊയ്ത്ത്/വിളവെടുപ്പ് എന്നിവയൊഴികെയുള്ള പ്രവർത്തനങ്ങളിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

**1-25 തൊഴിലുറപ്പ് പദ്ധതി- സാധന സാമഗ്രികൾ സമാഹരിച്ചതിൽ മാർഗനിർദേശങ്ങൾ പാലിച്ചില്ല.**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ സ.ഉ (കൈ)നം.93/2012/തസഭവ തീയതി 31.03.2012 പ്രകാരം പുറപ്പെടുവിച്ചിരുന്നു. പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ രൂപീകരണം, പ്രൊക്വയർമെന്റ് പ്ലാൻ തയ്യാറാക്കൽ, വാങ്ങൽ നടപടിക്രമങ്ങൾ, സാധനസാമഗ്രികളുടെ സംഭരണം, വിതരണം, മിച്ചമുള്ള സാമഗ്രികളുടെ ഡിസ്പോസൽ, പ്രൊക്വയർമെന്റ് നടപടിക്രമങ്ങളിൽ സുതാര്യത ഉറപ്പാക്കൽ തുടങ്ങിയ കാര്യങ്ങളിൽ വിശദമായ നിർദേശങ്ങൾ ഈ മാർഗരേഖയിൽ ഉണ്ട്.

കാറഡുക്ക ഗ്രാമപഞ്ചായത്തിൽ വലിയ തോതിൽ സാധന സാമഗ്രികൾ ഉപയോഗിച്ചുള്ള പ്രവൃത്തികൾ നടത്തുകയും വലിയ അളവിൽ സാധനസാമഗ്രികൾ വാങ്ങി ഭീമമായ തുക വെണ്ടർമാർക്ക് നൽകുകയും ചെയ്തിട്ടുണ്ട്. വാങ്ങൽ നടപടിക്രമങ്ങൾ, സംഭരണം, വിതരണം എന്നിവയിൽ സർക്കാർ മാർഗ നിർദേശങ്ങൾ പാലിച്ചിട്ടുണ്ടോ എന്ന പരിശോധനയ്ക്കായി വിവിധ വിവരങ്ങളും രേഖകളും ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമാക്കിയ രേഖകളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിൽ പഞ്ചായത്ത് നടത്തിയ വാങ്ങലുകളിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. കാറഡുക്ക ഗ്രാമപഞ്ചായത്തിൽ NREGA ക്കായി പ്രൊക്വർമെന്റ് കമ്മിറ്റി, സബ് കമ്മിറ്റി എന്നിവ രൂപീകരിച്ചിട്ടുണ്ട് എന്ന് വിശദീകരിച്ചുവെങ്കിലും കമ്മിറ്റികളുടെ വിശദാംശങ്ങളും കമ്മിറ്റികൾ അംഗീകരിച്ചു കൊണ്ടുള്ള ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസറുടെ ഉത്തരവും കമ്മിറ്റികളുടെ മിനിട്ട്സ് ബുക്കുകളും ഹാജരാക്കിയിട്ടില്ല. കമ്മിറ്റികൾ കൃത്യമായി സംഘടിപ്പിച്ചതിനും വാങ്ങൾ നടപടികൾ നിയന്ത്രിച്ചതിനും തെളിവില്ല.

2. പ്രതിമാസ, അർദ്ധവർഷ, വാർഷിക പ്രൊക്വയർമെന്റ് പ്ലാനുകൾ തയ്യാറാക്കിയിട്ടില്ല. ഓരോ പ്രവൃത്തിക്കായി പ്രത്യേകം ടെണ്ടറുകൾ വിളിച്ച് സാധന സാമഗ്രികൾ സമാഹരിക്കുന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിട്ടുള്ളത്. സർക്കാർ മാർഗ നിർദേശ പ്രകാരം പ്രതിമാസ, അർദ്ധവർഷ, വാർഷിക പ്രൊക്വയർമെന്റ് പ്ലാനുകൾ തയ്യാറാക്കി ബൾക്ക് പ്രൊക്വയർമെന്റ് നടത്തിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന ആനുകൂല്യങ്ങൾ പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

3. ടെണ്ടറുകളുടെ പത്രപ്പരസ്യം, ടെണ്ടർ ഫോറം വിൽപ്പന, ലഭിച്ച ടെണ്ടറുകൾ, ടാബുലേഷൻ പട്ടിക, കരാറുകാരുമായി ഏർപ്പെട്ട കരാർ, വർക്ക് ഓർഡർ, പഞ്ചായത്ത് കമ്മിറ്റി ടെണ്ടറുകൾ അംഗീകരിച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കാൻ NREGA വിഭാഗത്തിന് സാധിച്ചിട്ടില്ല. ടെണ്ടർ നടപടിക്രമങ്ങളുടെ രേഖകളുടെ അഭാവത്തിൽ ടെണ്ടർ നടപടികൾ നിയമവിധേയവും സുതാര്യവുമായിരുന്നോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. സാധന സാമഗ്രികൾ ഏറ്റുവാങ്ങുന്ന എഞ്ചിനീയർ തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് സമർപ്പിക്കേണ്ട രേഖകൾ (വാഹനത്തിന്റെ വിവരം, സാമഗ്രികൾ ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നുവെന്ന സാക്ഷ്യപത്രം) തയ്യാറാക്കുകയോ സെക്രട്ടറിക്ക് കൈമാറുകയോ ചെയ്യുന്ന രീതി പഞ്ചായത്തിൽ ഇല്ല. ഇത്തരം രേഖകൾ എഞ്ചിനീയറോട് ആവശ്യപ്പെടുന്ന രീതി സെക്രട്ടറി സ്വീകരിച്ചിട്ടുമില്ല. സാധന സാമഗ്രികൾ ഏറ്റുവാങ്ങിയ മേറ്റിന്റെ ഒപ്പും AE യുടെ മേലൊപ്പും അടങ്ങിയ അനുബന്ധം 5 ലുള്ള റിപ്പോർട്ട് ഒരു പ്രവൃത്തിയിലും തയ്യാറാക്കിയിട്ടില്ല. ഈ റിപ്പോർട്ട് സെക്രട്ടറിക്ക് കൈമാറേണ്ടതാണെങ്കിലും സെക്രട്ടറി ഈ രേഖ ആവശ്യപ്പെട്ടതായി ഒരു ഫയലിലും കാണുന്നില്ല.

5. മെറ്റീരിയൽ ഉപയോഗിച്ച് നടത്തുന്ന എല്ലാ പ്രവൃത്തികളിലും പ്രോജ്കട് ഇനിസിയേഷൻ മീറ്റിംഗ് നടത്തേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഒരു പ്രവൃത്തിയിലും പ്രോജക്ട് ഇനിസിയേഷൻ മീറ്റിംഗ് നടത്തിയതായി ഫയലിൽ കാണുന്നില്ല. പ്രോജക്ട് ഇനിസിയേഷൻ മീറ്റിംഗിന്റെ രേഖകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട് എന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ഇത്തരം മീറ്റിംഗിന്റെ രേഖകൾ ഫയലുകളിൽ കാണാൻ സാധിച്ചിട്ടില്ല.

6. മേറ്റ് കൈപ്പറ്റിയ സാമഗ്രികളുടെ സ്റ്റോക്ക്, വിതരണം എന്നിവ രേഖപ്പെടുത്തിയ അനുബന്ധം 6 ലുള്ള സ്റ്റോക്ക് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

7. മിച്ചം വരുന്ന സാമഗ്രികളുടെ കൈകാര്യം ഒരു പ്രവൃത്തിയുടെ ഫയലിലും കാണാൻ സാധിച്ചിട്ടില്ല. സാധനങ്ങൾ മിച്ചം വന്നിട്ടില്ല എന്നാണ് NREGA വിഭാഗം വിശദീകരണം നൽകിയിട്ടുള്ളത്.

8. പഞ്ചായത്ത് സമാഹരിച്ച സാധന സാമഗ്രികളുടെ ജി.എസ്.ടി ഇൻവോയ്സുകൾ കരാറുകാരിൽ നിന്നും വാങ്ങി ഫയലുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ഇൻവോയ്സുകൾ പ്രകാരമുള്ള നിരക്കുകളും കരാർ നിരക്കുകളും തമ്മിലുള്ള അന്തരം പരിശോധിച്ച് ചെലവുകളിൽ മിതത്വം കൈവരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

സാധന സാമഗ്രികളുടെ സമാഹരണത്തിൽ സർക്കാർ മാർഗ നിർദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം നൽകിയിട്ടില്ല. സമാഹരണ പ്രക്രിയയിലെ ഈ അപാകതകളാണ് ഈ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 1-26, 1-27, 1-28 എന്നിവയിലെ നിരീക്ഷണങ്ങളിലേക്ക് വഴി വച്ചത്. ആയതിനാൽ ഭാവിയിൽ തൊഴിലുറപ്പ് പദ്ധതിയിൽ സാധന സാമഗ്രികൾ സമാഹരിക്കുന്നതിൽ നിലവിലുള്ള സർക്കാർ മാർഗനിർദേശങ്ങൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

**(ഓഡിറ്റ് എൻക്വയറി നം.9/29.07.2024.)**

## 1-26 തൊഴിലുറപ്പ് പദ്ധതി- ജലസേചന കനാലുകൾക്ക് കയർ ഭൂവസ്ത്രം വിരിക്കൽ -അധികച്ചെലവും മറ്റ് അപാകതകളും

ജലസേചന കനാലുകൾ നിർമിച്ച് കയർ ഭൂവസ്ത്രം വിരിക്കുന്ന 9 പ്രവൃത്തികൾ 2023-24 വർഷം തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പഞ്ചായത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. ഈ പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ കയർഫെഡിൽ നിന്നും കയർ ഭൂവസ്ത്രം വാങ്ങിയത് ചില പ്രവൃത്തികളിൽ അധികം ആണെന്നും ചില പ്രവൃത്തികളിൽ ആവശ്യമായ അളവിൽ കയർ ഭൂവസ്ത്രം വാങ്ങിയിട്ടില്ല എന്നും കാണുകയുണ്ടായി.

**1) ആവശ്യമായ അളവിൽ അധികം കയർ ഭൂവസ്ത്രം വാങ്ങിയത്-**

ചില പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം വിരിച്ച അളവിന് ആവശ്യമായതിൽ അധികം വിസ്തീർണത്തിലുള്ള കയർ ഭൂവസ്ത്രം വാങ്ങുകയും അതിന്റെ വില മുഴുവനായി കയർഫെഡിന് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ പ്രവൃത്തിക്ക് ഉപയോഗിക്കാത്ത കയർ ഭൂവസ്ത്രത്തിന്റെ സ്റ്റോക്ക് എവിടെയാണ് സൂക്ഷിച്ചതെന്നും കസ്റ്റോഡിയൻ ആരെന്നും ഫയലുകളിൽ വ്യക്തമാക്കിയിട്ടില്ല.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ആവശ്യമായ സാധന സാമഗ്രികളുടെ വാങ്ങൽ, സംഭരണം, വിതരണം എന്നിവ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ സ.ഉ (കൈ)നം.93/2012/തസ്വഭവ തീയതി 31.03.2012 പ്രകാരം പുറപ്പെടുവിച്ചിരുന്നു. ഈ മാർഗനിർദേശങ്ങൾ പ്രകാരമുള്ള ചുവടെ ചേർത്ത രേഖകൾ സ്ഥാപനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

1. സാധന സാമഗ്രികൾ ഏറ്റുവാങ്ങിയ എഞ്ചിനീയർ സെക്രട്ടറിക്ക് സമർപ്പിക്കേണ്ട രേഖകൾ (വാഹനത്തിന്റെ വിവരം, സാമഗ്രികൾ ടെക്നിക്കൽ സ്പെസിഫിക്കേഷനുകൾ പാലിക്കുന്നുവെന്ന സാക്ഷ്യപത്രം)

2. സാധന സാമഗ്രികൾ ഏറ്റുവാങ്ങിയ മേറ്റിന്റെ ഒപ്പും AE യുടെ മേലൊപ്പും അടങ്ങിയ അനുബന്ധം 5 ലുള്ള റിപ്പോർട്ട് സെക്രട്ടറിക്ക് കൈമാറിയതിന്റെ പകർപ്പുകൾ

3. മേറ്റ് കൈപ്പറ്റിയ സാമഗ്രികളുടെ സ്റ്റോക്ക്, വിതരണം എന്നിവ രേഖപ്പെടുത്തിയ അനുബന്ധം 6 ലുള്ള സ്റ്റോക്ക് രജിസ്റ്റർ

ഈ സാഹചര്യത്തിൽ അധികമായി വാങ്ങിയ കയർ ഭ്രവസ്ത്രം എന്തു ചെയ്തുവെന്ന് വ്യക്തമല്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവ്യത്തിയുടെ പേര്, വർക്ക് കോഡ് | വാങ്ങിയ കയർ ഭ്രവസ്ത്രത്തിന്റെ വിവരം | ഉപയോഗിച്ച കയർ ഭ്രവസ്ത്രത്തിന്റെ വിവരം | ഉപയോഗിക്കാത്ത കയർ ഭ്രവസ്ത്രത്തിന്റെ അളവ്, മൂല്യം |
|---|---|---|---|---|
| 1 | 13-FORMATION OF IRRIGATION CANAL USING COIR-GEOTEX AT KOTTAMKUZHI REACH-2(1601002004/IC/377114) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/468, തിയതി 20.12.2023<br>H2M5:Natural Spl:200- 2000 Sqm @ Rs.73.50/Sqm = Rs.1,47,001<br>കയർഫെഡിന് തുക നൽകിയത്- 1,47,000 (ബിൽ നം 32/20.12.2023) | കയർ ഭ്രവസ്ത്രം- 1229.80 Sqm (പേജ് 18, എം.ബുക്ക് നം.278/23-24) | കയർ ഭ്രവസ്ത്രം- 770.20 Sqm @ Rs.73.5/Sqm = 56,609.70 |
| 2 | 2-FORMATION OF IRRIGATION CANAL USING COIR GEOTEX AT PINDIKAI(1601002004/IC/377120) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/156, തിയതി 20.05.2024<br>H2M5:Natural Spl:200- 2000 Sqm @ Rs.73.50/Sqm = Rs.1,47,001<br>കയർഫെഡിന് തുക നൽകിയത്- 1,47,000 (ബിൽ നം 156/20.05.2024) | കയർ ഭ്രവസ്ത്രം- 725 Sqm (പേജ് 23, എം.ബുക്ക് നം.192/23-24) | കയർ ഭ്രവസ്ത്രം-1275 Sqm @ Rs.73.50/Sqm = Rs.93,712.50 രൂപ |
| 3 | 6/ Formation Of Irigation Canal Using Coir Geotex(1601002004/IC/377138) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/467, തിയതി 20.12.2023<br>H2M5:Natural Spl:200- 1000 Sqm @ Rs.73.50/Sqm = Rs.73,500<br>കയർഫെഡിന് തുക | കയർ ഭ്രവസ്ത്രം- 807.06 Sqm (പേജ് 16, എം.ബുക്ക് നം.277/23-24) | കയർ ഭ്രവസ്ത്രം-192.94 Sqm @ Rs.73.50/Sqm = Rs.14,181 രൂപ |

| | | | | |
|---|---|---|---|---|
| | | നൽകിയത്- 73,500 (ബിൽ നം 497/03.02.2024) | | |

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ, എം.ബുക്കുകളിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ മനപൂർവ്വമല്ലാതെ വരുത്തിയ തെറ്റുകൾ മൂലമാണ് ഇത്തരത്തിൽ കുറവായി കയർ ഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തലുണ്ടായത് എന്ന് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. കൂടാതെ, എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവിൽ കയർ ഭൂവസ്ത്രം വാങ്ങുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് എന്നും ഇതു മൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും സെക്രട്ടറി മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളുടെ ആധികാരിക രേഖയാണ് അളവു പുസ്തകങ്ങൾ. മേൽ പ്രവൃത്തികളിലെ അളവു പുസ്തകങ്ങളിൽ ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുകയും തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എഞ്ചിനീയർ അളവുകൾ ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യത്തിൽ അധിഷ്ഠിതമായാണ് തൊഴിലാളികൾക്കുള്ള വേതനം വിതരണം ചെയ്തതും സാധന സാമഗ്രികളുടെ തുകകൾ നൽകിയതും. ആയതിനാൽ അളവു പുസ്തകങ്ങളിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ തെറ്റു സംഭവിച്ചു എന്ന വാദം അംഗീകരിക്കുന്നില്ല.

അധികം വാങ്ങിയ കയർ ഭൂവസ്ത്രത്തിന്റെ സ്റ്റോക്ക്/ഉപയോഗം ബോദ്ധ്യപ്പെടുത്താൻ സെക്രട്ടറിക്കോ തൊഴിലുറപ്പ് പദ്ധതി വിഭാഗം ജീവനക്കാർക്കോ സാധിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ അധികച്ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മേൽ 3 പ്രോജക്ടുകളിലായി സംഭവിച്ച അധികച്ചെലവ് 1,64,503 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**<u>2) വാങ്ങിയതിൽ കൂടുതൽ അളവിൽ കയർ ഭൂവസ്ത്രം വിരിച്ചതായി കാണിച്ച് തുക നൽകി</u>**

ചില പ്രവൃത്തികളിൽ കയർ ഭൂവസ്ത്രം വിരിച്ചതായി അളവു പുസ്തങ്ങളിൽ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയ അളവിനു പര്യാപ്തമായ അളവിൽ കയർ ഭൂവസ്ത്രം കയർഫെഡിൽ നിന്നും വാങ്ങിയിട്ടില്ല എന്ന് കാണുന്നു. വിശദവിവരങ്ങൾ ചുവടെ-

| ക്രമ നം | പ്രവൃത്തിയുടെ പേര്, വർക്ക് കോഡ് | വാങ്ങിയ കയർ ഭൂവസ്ത്രത്തിന്റെ വിവരം | ഉപയോഗിച്ച കയർ ഭൂവസ്ത്രത്തിന്റെ വിവരം | വാങ്ങിയ കയർ ഭൂവസ്ത്രത്തെക്കാൾ അധികം സ്ഥാപിച്ചതായി കാണിച്ച അളവ്, മൂല്യം |
|---|---|---|---|---|
| 1 | 7-FORMATION OF IRRIGATION CANAL USING COIR GEOTEX AT KATTATHABAIL(1601002004/IC/373323) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/376, തിയതി 08.03.2023<br>H2M5:Natural Spl:200- 2050 Sqm @ Rs.73.50/Sqm = Rs.1,50,676<br>കയർഫെഡിന് തുക നൽകിയത്- 1,43,500 (ബിൽ നം 376/08.04.2023) | റീച്ച് 1-<br>കയർ ഭൂവസ്ത്രം- 1005 Sqm (പേജ് 10, എം.ബുക്ക് നം.246/23-24)<br>റീച്ച് 2-<br>കയർ ഭൂവസ്ത്രം- 1954 Sqm (പേജ് 9, എം.ബുക്ക് നം.52/23-24) | രണ്ടു റീച്ചുകളിലുമായി ആകെ 2959 Sqm കയർ ഭൂവസ്ത്രം സ്ഥാപിച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആകെ 2050 Sqm കയർ ഭൂവസ്ത്രം മാത്രമേ വാങ്ങിയിട്ടുള്ളൂ.<br>909 Sqm കയർ ഭൂവസ്ത്രം സ്ഥാപിക്കുന്ന പ്രവൃത്തി (കോഡ് 80.8.179) എപ്രകാരമാണ് നിർവഹിച്ചത് എന്ന് വ്യക്തമല്ല. ആയതിനാൽ 909 Sqm പ്രവൃത്തി നടത്തിയിട്ടില്ല എന്ന |
| 2 | 7-FORMATION OF IRRIGATION | | | |

| | | | | |
|---|---|---|---|---|
| | CANAL USING COIR GEOTEX AT KATTATHABAIL REACH 2(1601002004/IC/373346) | * ഇൻവോയ്സ് തുക 1,50,676 രൂപയാണ്, എന്നാൽ കയർഫെഡിന് നൽകിയ തുക 1,43,500 രൂപയാണ്. കാരണം വ്യക്തമല്ല. | | അനുമാനത്തിൽ 909 Sqm പ്രവൃത്തിയുടെ മൂല്യം (119.549/Sqm) 1,08,670 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. |
| 3 | 1/ Formation Of Irrigation Canal(paniya)(1601002004/IC/376323) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/361, തിയതി 16.08.2023<br>H2M5:Natural Spl:200- 500 Sqm @ Rs.73.50/Sqm = Rs.36,750<br>കയർഫെഡിന് തുക നൽകിയത്- 36,750 (ബിൽ നം 343/09.08.2023) | കയർ ഭൂവസ്ത്രം- 860 Sqm (അളവു പുസ്തകം നമ്പർ 178/23-24) | ആകെ 860 Sqm കയർ ഭൂവസ്ത്രം സ്ഥാപിച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആകെ 500 Sqm കയർ ഭൂവസ്ത്രം മാത്രമേ വാങ്ങിയിട്ടുള്ളൂ.<br>360 Sqm കയർ ഭൂവസ്ത്രം സ്ഥാപിക്കുന്ന പ്രവൃത്തി (കോഡ് 80.8.179) എപ്രകാരമാണ് നിർവഹിച്ചത് എന്ന് വ്യക്തമല്ല. ആയതിനാൽ 360 Sqm കയർ ഭൂവസ്ത്രം സ്ഥാപിക്കുന്ന പ്രവൃത്തി നടത്തിയിട്ടില്ല എന്ന അനുമാനത്തിൽ 360 Sqm പ്രവൃത്തിയുടെ മൂല്യം (119.549/Sqm) 43,037.64 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. |
| 4 | 13-FORMATION OF IRRIGATION CANAL USING COIR-GEOTEX AT KOTTAMKUZHI(1601002004/IC/377113) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/360, തിയതി 16.08.2023<br>H2M5:Natural Spl:200- 1000 Sqm @ Rs.73.50/Sqm = Rs.73,500<br>കയർഫെഡിന് | കയർ ഭൂവസ്ത്രം- 1319.6 Sqm (അളവു പുസ്തകം നമ്പർ 179/23-24) | ആകെ 1319.6 Sqm കയർ ഭൂവസ്ത്രം സ്ഥാപിച്ചതായി അളവു പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ആകെ 1000 Sqm കയർ ഭൂവസ്ത്രം മാത്രമേ വാങ്ങിയിട്ടുള്ളൂ.<br>319.6 Sqm കയർ ഭൂവസ്ത്രം സ്ഥാപിക്കുന്ന പ്രവൃത്തി (കോഡ് 80.8.179) എപ്രകാരമാണ് |

| | | | | |
|---|---|---|---|---|
| | | തുക നൽകിയത്- 73,500 (ബിൽ നം 360/16.08.2023) | | നിർവഹിച്ചത് എന്ന് വ്യക്തമല്ല. ആയതിനാൽ 319.6 Sqm കയർ ഭൂവസ്ത്രം സ്ഥാപിക്കുന്ന പ്രവൃത്തി നടത്തിയിട്ടില്ല എന്ന അനുമാനത്തിൽ പ്രവൃത്തിയുടെ മൂല്യം (119.549/Sqm) 38,207.86 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. |

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ, എംബുക്കുകളിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ മനപൂർവ്വമല്ലാതെ വരുത്തിയ തെറ്റുകൾ മൂലമാണ് ഇത്തരത്തിൽ അധികമായി കയർ ഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തലുണ്ടായത് എന്ന് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. കൂടാതെ, എസ്റ്റിമേറ്റ് പ്രകാരം ഉള്ള അളവിൽ കയർ ഭൂവസ്ത്രം വാങ്ങുകയും സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട് എന്നും ഇതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും സെക്രട്ടറി മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളുടെ ആധികാരിക രേഖയാണ് അളവു പുസ്തകങ്ങൾ. മേൽ പ്രവൃത്തികളിലെ അളവു പുസ്തകങ്ങളിൽ ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുകയും തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എഞ്ചിനീയർ അളവുകൾ ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യത്തിൽ അധിഷ്ഠിതമായാണ് തൊഴിലാളികൾക്കുള്ള വേതനം വിതരണം ചെയ്തതും സാധന സാമഗ്രികളുടെ തുകകൾ നൽകിയതും. ആയതിനാൽ അളവു പുസ്തകങ്ങളിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ തെറ്റു സംഭവിച്ചു എന്ന വാദം അംഗീകരിക്കുന്നില്ല.

ഈ സാഹചര്യത്തിൽ മേൽ 4 പ്രവൃത്തികളിലുമായി 1,89,916 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

**<u>3) കയർ ഭൂവസ്ത്രം സ്ഥാപിക്കുന്നതിനുള്ള മുള കൊണ്ടുള്ള ആണിയുടെ അളവിൽ വ്യത്യാസം</u>**

കയർ ഭൂവസ്ത്രം സ്ഥാപിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ പ്രകാരം കയർ ഭൂവസ്ത്രം മണ്ണിൽ ഉറപ്പിക്കേണ്ടത് മുള കൊണ്ട് ഉണ്ടാക്കിയ ആണികൾ ഉപയോഗിച്ചാണ്. 1 Sqm കയർ ഭൂവസ്ത്രം ഉറപ്പിക്കാൻ 4 മുളയാണികളാണ് വേണ്ടത് എന്ന് പ്രവൃത്തികളുടെ വിശദാംശങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചില പ്രവൃത്തികളിൽ അധികവും ചില പ്രവൃത്തികളിൽ കുറവുമാണ് മുളയാണി വാങ്ങിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര്, വർക്ക് കോഡ് | വാങ്ങിയ മുളയാണിയുടെ വിവരം | ഉപയോഗിച്ച കയർ ഭൂവസ്ത്രത്തിന്റെ വിവരം, ആവശ്യമായ മുളയാണിയുടെ വിവരം | മുളയാണിയുടെ എണ്ണത്തിലെ കുറവ്/ അധികം |
|---|---|---|---|---|
| 1 | 1/ Formation Of Irrigation Canal(paniya)(1601002004/ IC/376323) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/343, തിയതി 09.08.2023<br>Bamboo Nails Small-2400 Nos @ Rs. 6 Each = 14,400 | കയർ ഭൂവസ്ത്രം- 860 Sqm (അളവു പുസ്തകം നമ്പർ 178/23-24)<br>ആവശ്യമായ മുളയാണിയുടെ | 1040 എണ്ണം കുറവ്.<br>ആവശ്യമായ എണ്ണം ആണികൾ ഉപയോഗിക്കാതെ കയർ ഭൂവസ്ത്രം സ്ഥാപിച്ചത് എങ്ങനെയെന്ന് |

| | | | | |
|---|---|---|---|---|
| | | കയർഫെഡിന് തുക നൽകിയത്- 14,400 (ബിൽ നം 343/09.08.2023) | എണ്ണം- 860 Sqm @ 4/Sqm = 3440 Nos | വ്യക്തമല്ല. |
| 2 | 4-CONSTRUCTION OF IRRIGATION CANAL USING COIR-GEOTEX AT ALANTHADUKKA(1601002004/IC/376920) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/345, തിയതി 09.08.2023<br>Bamboo Nails Small-4000 Nos @ Rs. 6 Each = 24,000<br>കയർഫെഡിന് തുക നൽകിയത്- 24,000 (ബിൽ നം 360/16.08.2023) | കയർ ഭ്രവസ്ത്രം- 844.3sqm<br>ആവശ്യമായ മുളയാണിയുടെ എണ്ണം- 844.3 Sqm @ 4/Sqm = 3377 Nos | 3377 മുളയാണികൾ മാത്രമേ പ്രവൃത്തിക്ക് ആവശ്യമുള്ളൂ എന്നിരിക്കെ 4000 മുളയാണികൾ വാങ്ങി. 3,738 രൂപ വിലയുള്ള 623 മുളയാണികൾ അധികം. |
| 3 | 13-FORMATION OF IRRIGATION CANAL USING COIR-GEOTEX AT KOTTAMKUZHI(1601002004/IC/377113) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/344, തിയതി 09.08.2023<br>Bamboo Nails Small-4000 Nos @ Rs. 6 Each = 24,000<br>കയർഫെഡിന് തുക നൽകിയത്- 24,000 (ബിൽ നം 360/16.08.2023) | കയർ ഭ്രവസ്ത്രം- 1319.6 Sqm<br>(അളവ് പുസ്തകം നമ്പർ 179/23-24)<br>ആവശ്യമായ മുളയാണിയുടെ എണ്ണം- 1319.6 Sqm @ 4/Sqm = 5278 Nos | 1278 എണ്ണം കുറവ്. ആവശ്യമായ എണ്ണം ആണികൾ ഉപയോഗിക്കാതെ കയർ ഭ്രവസ്ത്രം സ്ഥാപിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. |
| 4 | 13-FORMATION OF IRRIGATION CANAL USING COIR-GEOTEX AT KOTTAMKUZHI REACH-2(1601002004/IC/377114) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/496, തിയതി 03.02.2024<br>Bamboo Nails Small-6000 Nos @ Rs. 6 Each = 36,000<br>കയർഫെഡിന് തുക നൽകിയത്- 34,260 (ബിൽ നം 32/20.12.2023)<br>* ഇൻവോയ്സ് തുക 36,000 രൂപയാണ്, എന്നാൽ കയർഫെഡിന് | കയർ ഭ്രവസ്ത്രം- 1229.80 Sqm<br>ആവശ്യമായ മുളയാണിയുടെ എണ്ണം- 1229.80 Sqm X 4/Sqm = 4919 Nos | 6,486 രൂപ വിലയുള്ള 1,081 മുളയാണികൾ അധികമായി വാങ്ങിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | നൽകിയ തുക 34,260 രൂപയാണ്. കാരണം വ്യക്തമല്ല. | | |
| 5 | 2-FORMATION OF IRRIGATION CANAL USING COIR GEOTEX AT PINDIKAI(1601002004/ IC/377120) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/346, തിയതി 03.02.2024<br>Bamboo Nails Small-2000 Nos @ Rs. 6 Each = 12,000<br>കയർഫെഡിന് തുക നൽകിയത്-56,000 (ബിൽ നം 346/16.05.2024)<br>* ഇൻവോയ്സ് തുക 12,000 രൂപയാണ്, എന്നാൽ കയർഫെഡിന് നൽകിയ തുക 56,000 രൂപയാണ്. കാരണം വ്യക്തമല്ല. | കയർ ഭ്രവസ്ത്രം- 725 Sqm (പേജ് 23, എം.ബുക്ക് നം.192/23-24)<br>ആവശ്യമായ മുളയാണിയുടെ എണ്ണം- 725 Sqm @ 4/Sqm = 2900 Nos | മുളയാണി- വാങ്ങിയത് 900 എണ്ണം കുറവാണ്. ആവശ്യമായ എണ്ണം ആണികൾ ഉപയോഗിക്കാതെ കയർ ഭ്രവസ്ത്രം സ്ഥാപിച്ചത് എങ്ങനെയെന്ന് വ്യക്തമല്ല. |
| 6 | 6/ Formation Of Irigation Canal Using Coir Geotex(1601002004/ IC/377138) | കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/497, തിയതി 03.02.2024<br>Bamboo Nails Small-4000 Nos @ Rs. 6 Each = 24,000<br>കയർഫെഡിന് തുക നൽകിയത്- 22,840 (ബിൽ നം 498/03.02.2024)<br>* ഇൻവോയ്സ് തുക 24,000 രൂപയാണ്, എന്നാൽ കയർഫെഡിന് നൽകിയ തുക 22,840 രൂപയാണ്. കാരണം വ്യക്തമല്ല. | കയർ ഭ്രവസ്ത്രം- 807.06 Sqm (പേജ് 16, എം.ബുക്ക് നം.277/23-24)<br>ആവശ്യമായ മുളയാണിയുടെ എണ്ണം- 807.06 Sqm @ 4/Sqm= 3228 Nos | 4,632 രൂപ വിലയുള്ള 772 മുളയാണികൾ അധികമായി വാങ്ങിച്ചിട്ടുണ്ട്. |
| 7 | 5/Formation Of Irrigation Canal Using Coir Geotex(1601002004/ | കയർഫെഡിന്റെ ഇൻവോയ്സ് നം. | കയർ ഭ്രവസ്ത്രം- 500 Sqm | 2,400 രൂപ വിലയുള്ള 400 |

| | | | | |
|---|---|---|---|---|
| IC/377139) | CG-23-24/361, തിയതി 16.08.2023<br>Bamboo Nails Small-2,400 Nos @ Rs. 6 Each = 14,400<br>കയർഫെഡിന് തുക നൽകിയത്- 13,704 (ബിൽ നം 347/09.02.2024)<br>* ഇൻവോയ്സ് തുക 14,400 രൂപയാണ്, എന്നാൽ കയർഫെഡിന് നൽകിയ തുക 13,704 രൂപയാണ്. കാരണം വ്യക്തമല്ല. | ആവശ്യമായ മുളയാണിയുടെ എണ്ണം- 500 Sqm @4/Sqm= 2000 Nos | മുളയാണികൾ അധികമായി വാങ്ങിച്ചിട്ടുണ്ട്. |

ഈ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ, എംബുക്കുകളിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ മനപൂർവ്വമല്ലാതെ വരുത്തിയ തെറ്റുകൾ മൂലമാണ് ഇത്തരത്തിൽ അധികമായും കുറവായും കയർ ഭൂവസ്ത്രം വിരിച്ചതായി രേഖപ്പെടുത്തലുണ്ടായത് എന്ന് സെക്രട്ടറി വിശദീകരിക്കുകയുണ്ടായി. ഇതു മൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും സെക്രട്ടറി മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. തൊഴിലുറപ്പ് പദ്ധതിയിലെ പ്രവൃത്തികളുടെ ആധികാരിക രേഖയാണ് അളവു പുസ്തകങ്ങൾ. മേൽ പ്രവൃത്തികളിലെ അളവു പുസ്തകങ്ങളിൽ ചെയ്ത പ്രവൃത്തികളുടെ അളവുകൾ രേഖപ്പെടുത്തുകയും തൊഴിലുറപ്പ് പദ്ധതിയുടെ അക്രഡിറ്റഡ് എഞ്ചിനീയർ അളവുകൾ ചെക്ക് മെഷർ ചെയ്യുകയും ചെയ്തിട്ടുണ്ട്. ആകെ പ്രവൃത്തി മൂല്യത്തിൽ അധിഷ്ഠിതമായാണ് തൊഴിലാളികൾക്കുള്ള വേതനം വിതരണം ചെയ്തതും സാധന സാമഗ്രികളുടെ തുകകൾ നൽകിയതും. ആയതിനാൽ അളവു പുസ്തകങ്ങളിൽ നടത്തിയ രേഖപ്പെടുത്തലുകളിൽ തെറ്റു സംഭവിച്ചു എന്ന വാദം അംഗീകരിക്കുന്നില്ല.

ഈ സാഹചര്യത്തിൽ മേൽ 7പ്രവൃത്തികളിലായി കയർ ഭൂവസ്ത്രങ്ങൾ ഉറപ്പിക്കാനുള്ള മുളയാണികൾ വാങ്ങാൻ ചെലവഴിച്ച 1,89,204 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**<u>4) കയർ ഭൂവസ്ത്രവും മുളയാണികളും വാങ്ങിയതിന്റെ രേഖകൾ ലഭ്യമാക്കാത്തത്-</u>**

താഴെ പറയുന്ന പ്രവൃത്തികളുടെ ഫയലുകളിൽ കയർ ഭൂവസ്ത്രവും മുളയാണികളും വാങ്ങിയതിന്റെ രേഖകൾ ഇല്ല എന്ന് കാണുകയുണ്ടായി. ഈ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

എ) 7-FORMATION OF IRRIGATION CANAL USING COIR GEOTEX AT KATTATHABAIL(1601002004/IC/373323), 7-FORMATION OF IRRIGATION CANAL USING COIR GEOTEX AT KATTATHABAIL REACH 2(1601002004/IC/373346) എന്നീ പ്രവൃത്തികളിൽ മുളയാണി വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ പ്രവൃത്തികളിൽ മുളയാണി വാങ്ങിയതിനുള്ള ചെലവ് നടത്തിയിട്ടുമില്ല. മുളയാണികൾ വാങ്ങി ഉപയോഗിക്കാതെ എങ്ങനെയാണ് പ്രവൃത്തി നടത്തിയത് എന്ന് വ്യക്തമല്ല.

ബി) 4-CONSTRUCTION OF IRRIGATION CANAL USING COIR-GEOTEX AT ALANTHADUKKA(1601002004/IC/376920) എന്ന പ്രവൃത്തിയിൽ കയർ ഭൂവസ്ത്രം വാങ്ങിയതിന്റെ രേഖയായി ഉൾക്കൊള്ളിച്ചിട്ടുള്ളത് കയർഫെഡിന്റെ ഇൻവോയ്സ് നം. CG-23-24/360, തിയതി 16.08.2023 (1000 Sqm @ Rs.73.50/Sqm= 73,501) ആണ്. എന്നാൽ ഇത് 13-FORMATION OF IRRIGATION CANAL USING COIR-GEOTEX AT KOTTAMKUZHI(1601002004/IC/377113) എന്ന പ്രവൃത്തിക്ക് വേണ്ടി കയർ ഭൂവസ്ത്രം വാങ്ങിയതിന്റെ

ഇൻവോയ്സ് ആണ്. 4-CONSTRUCTION OF IRRIGATION CANAL USING COIR-GEOTEX AT ALANTHADUKKA(1601002004/IC/376920) എന്ന പ്രവൃത്തിക്കായി കയർ ഭൂവസ്ത്രം വാങ്ങിയതിന്റെ ഇൻവോയ്സ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഈ പ്രവൃത്തിക്കായി കയർ ഭൂവസ്ത്രം വാങ്ങിയതിന് 16.08.2023 ലെ 360 നമ്പർ ബിൽ പ്രകാരം 73,500 രൂപ കയർഫെഡിന് നൽകിയിട്ടുണ്ട്.

മേൽ പരാമർശിച്ച ഇൻവോയ്സുകൾ ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഇൻവോയ്സുകൾ ഹാജരാക്കുകയോ ലഭിച്ച മറുപടിയിൽ വിശദീകരണം ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇൻവോയ്സ് ഹാജരാക്കാത്തതിനാൽ കയർഫെഡിന് നൽകിയ 73,500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഓഡിറ്റ് എൻക്വയറി നം.32/12.08.2024.

## 1-27 തൊഴിലുറപ്പ് പദ്ധതിയിലെ സിമന്റ് വാങ്ങൽ- മാർക്കറ്റ് നിരക്കിനേക്കാൾ അധികം നിരക്കിൽ സമാഹരണം നടത്തി

2023-24 സാമ്പത്തിക വർഷത്തിൽ MGNREGA പദ്ധതിയിൽ ഉൾപ്പെടുത്തി റോഡുകൾ കോൺക്രീറ്റ് ചെയ്യുന്നതിന് യഥാർത്ഥ മാർക്കറ്റ് വിലയെക്കാൾ വളരെ കൂടിയ തുക നൽകിയാണ് സിമന്റ് വാങ്ങിയിട്ടുള്ളത്. SECURE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകളിൽ സിമന്റിന് ഉൾപ്പെടുത്തിയ നിരക്ക് അടിസ്ഥാനമാക്കിയാണ് ടെണ്ടർ ചെയ്ത് സിമന്റ് വാങ്ങിയത്. ഒരു ടണ്ണിന് 11,520 രൂപയാണ് സോഫ്റ്റ് വെയറിൽ സിമന്റിന്റെ വില. ഈ നിരക്കിൽ 50 കിലോയുടെ ഒരു ചാക്കിന് 576 രൂപയാണ് വിലയായി കണക്കാക്കിയിരിക്കുന്നത്.

2023-24 ൽ കാസറഗോഡ് ജില്ലയിൽ സിമന്റിന്റെ ശരാശരി MRP ഒരു ചാക്കിന് 400 രൂപയിൽ താഴെയാണ്. എന്നാൽ ഇത് പരിഗണിക്കാതെ എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ ചെയ്തതിനാൽ MRP യെക്കാൾ വളരെയധികം തുക വെണ്ടർമാർക്ക് നൽകേണ്ടി വന്നിട്ടുണ്ട്. വെണ്ടർമാർക്ക് തുക നൽകുമ്പോൾ അവരിൽ നിന്നും സിമന്റിന്റെ ഇൻവോയ്സ് വാങ്ങി ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും വളരെ വലിയ ഈ വില വ്യത്യാസം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

SECURE സോഫ്റ്റ് വെയറിലെ നിരക്ക് അതേപടി പാലിച്ച് ടെണ്ടർ ചെയ്യുന്നതിന് പകരം നിരക്ക് ക്രമാതീതമായി അധികമാണെന്ന് മനസ്സിലാക്കി മാർക്കറ്റ് നിരക്ക് അടിസ്ഥാനപ്പെടുത്തി ടെണ്ടർ ഷെഡ്യൂൾ തയ്യാറാക്കി ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ ഭീമമായ അധികച്ചെലവ് ഒഴിവാക്കാമായിരുന്നു.

ഈ വിഷയം മറ്റു പല ജില്ലകളിലും NREGA ഓംബുഡ്സ് പേഴ്സന്റെ ശ്രദ്ധയിൽപെടുകയും നിർബന്ധമായും പാക്കേജ്ഡ് സാമഗ്രികൾ വാങ്ങുന്നതിന് ടെണ്ടർ ക്ഷണിക്കുമ്പോൾ നിരക്ക് MRPയെക്കാൾ അധികം വരാത്ത വിധത്തിൽ മാർക്കറ്റ് നിരക്ക് അടിസ്ഥാനമാക്കി ടെണ്ടർ ചെയ്യണമെന്ന് അവാർഡ് വന്നിട്ടുള്ളതാണ്. (ഉദാഹരണം MGNRGA ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022-ലെ OMB/ALP/AW/20/2022-ലെ ഉത്തരവ്.)

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തികളുടെ വിശദാംശങ്ങൾ | സിമന്റ് വാങ്ങിയതിന് വെണ്ടർക്ക് നൽകിയ തുക | വെണ്ടർ ഹാജരാക്കിയ ബിൽ പ്രകാരമുള്ള നിരക്ക്, തുക | മാർക്കറ്റ് നിരക്കിൽ ടെണ്ടർ ചെയ്തിരുന്നുവെങ്കിൽ വരുന്ന വ്യത്യാസം. |
|---|---|---|---|---|
| | 14 - SHANTHINAGAR TO ANGANAWADI ROAD CONCRETE(1601002004/RC/379439)<br>വെണ്ടർ-ശ്രീ വാരിജാക്ഷൻ.കെ | 11.23 Tonne @ Rs.11,520/Tonne= 1,29,369.60<br>(ചാക്കിന് 576 രൂപ നിരക്കിൽ 225 ചാക്കുകൾ) | | ചാക്കിന് 186 രൂപ നിരക്കിൽ 225 ചാക്കിന് = 41,850 രൂപ. |

| | | | | |
|---|---|---|---|---|
| | | (FTO No.61325 For Rs.2,62,950.82) | **M/S Vasantha Pai, Badiadka**<br>**Invoice No. BR-Aug/R63/ 10.08.2023 For Rs.27,300,**<br>**Invoice No. BR-Aug/R77/ 11.08.2023 For Rs.23,400,**<br>**Invoice No. BR-Aug/R78/ 11.08.2023 For Rs.42,900**<br>240 Bags @ Rs.390/Bag= Rs. 93,600 | |
| | 12 - POOVADKA KONALA TO ADKAM ROAD COCRETE(1601002004/ RC/379436)<br>വെണ്ടർ-ശ്രീ കെ.കൃഷ്ണൻ | 17.71 Tonne @ Rs.11,520/Tonne= 2.04.019.20<br>(ചാക്കിന് 576 രൂപ നിരക്കിൽ 354 ചാക്കുകൾ)<br>(FTO No.231666 For Rs.4,11,890.33) | **M/S Vasantha Pai, Badiadka**<br>**Invoice No. BR-Oct/R188/ 26.10.2023 For Rs.40,000**<br>**Invoice No. BR-Aoct/R187/ 26.10.2023 For Rs.80,000,**<br>**Invoice No. BR-Oct/R200/ 28.10.2023 For Rs.24,000**<br>360 Bags @ Rs.400/Bag= Rs. 1,44,000 | ചാക്കിന് 176 രൂപ നിരക്കിൽ 354 ചാക്കിന് = 62,304 രൂപ. |
| | 14 - SHANTHINAGAR TO ANGANAWADI ROAD CONCRETE(1601002004/ RC/379439)<br>വെണ്ടർ- ശ്രീ വാരിജാക്ഷൻ.കെ | 11.23 Tonne @ Rs.11,520/Tonne= 1,29,369.60<br>(ചാക്കിന് 576 രൂപ നിരക്കിൽ 225 ചാക്കുകൾ) | | ചാക്കിന് 186 രൂപ നിരക്കിൽ 225 ചാക്കിന് = 41,850 രൂപ. |

| | | | | |
|---|---|---|---|---|
| | | (FTO No.231666 For Rs.4,11,890.33) | **M/S Vasantha Pai, Badiadka**<br>**Invoice No. BR-Aug/R63/ 10.08.2023 For Rs.27,300**<br>**Invoice No. BR-Aug/R77/ 11.08.2023 For Rs.23,400,**<br>**Invoice No. BR-Aug/R78/ 11.08.2023 For Rs.42,900**<br>240 Bags @ Rs.390/Bag= Rs. 93,600 | |
| | 9 - PADIYATHADKA ERIKKALAMOOLA TO KADENGOD ROAD CONCRETE(1601002004/ RC/379434)<br>വെണ്ടർ-ശ്രീ കെ.എം.ഭാസ്കരൻ | 17.71 Tonne @ Rs.11,520/Tonne= 2,04,042<br>(ചാക്കിന് 576 രൂപ നിരക്കിൽ 354 ചാക്കുകൾ) | **Invoice No.4282/ 28.06.2023- ജനതാ ഏജൻസീസ്, ഗാളിമുഖ For Rs.43,320**<br>**Invoice No.4280/ 27.06.2023- ജനതാ ഏജൻസീസ്, ഗാളിമുഖ For Rs.49,400**<br>**Invoice No.4281/ 28.06.2023- ജനതാ ഏജൻസീസ്, ഗാളിമുഖ For Rs.41,800**<br>354 Bags @ Rs.380/Bag= Rs. 1,34,520 | ചാക്കിന് 196 രൂപ നിരക്കിൽ 354 ചാക്കിന് = 69,384 രൂപ. |

ശരാശരി മാർക്കറ്റ് നിരക്കിനേക്കാൾ അധികം തുകയിൽ സിമന്റ് സംഭരിക്കുവാനുണ്ടായ സാഹചര്യങ്ങൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ, സെക്വയർ സോഫ്റ്റ് വെയറിലെ എസ്റ്റിമേറ്റ് നിരക്ക് പ്രകാരം ആണ് ടെണ്ടർ ചെയ്തത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്.

മറുപടി അംഗീകരിക്കുന്നുവെങ്കിലും സെക്വയർ സോഫ്റ്റ് വെയറിലെ നിരക്ക് മാർക്കറ്റ് നിരക്കിനെക്കാൾ വളരെ അധികം ആണെന്ന് കാണുമ്പോൾ ചെലവിൽ മിതത്വം പാലിക്കാൻ ബാദ്ധ്യതയുള്ള സ്ഥാപനം എന്ന നിലയിൽ പഞ്ചായത്ത് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ ടെണ്ടർ ചെയ്യുമ്പോൾ ടെണ്ടർ ഷെഡ്യൂളുകളിൽ മാർക്കറ്റ് നിരക്കുകൾ ഉൾപ്പെടുത്തി ടെണ്ടർ ചെയ്യാനുള്ള സാധ്യതകൾ പഞ്ചായത്ത് പരിഗണിച്ചിട്ടില്ല എന്നത് വ്യക്തമാണ്.

ഈ സാഹചര്യത്തിൽ ഈ വിഷയം തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ അടിയന്തിര ശ്രദ്ധയിൽ പെടുത്തേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതിയിലെ ലോക്കൽ മാർക്കറ്റ് നിരക്കുകൾ നിലവിലുള്ള മാർക്കറ്റ് നിരക്കുകളോട് അടുത്തു നിൽക്കുന്നുവെന്നും വ്യത്യാസങ്ങൾ കാര്യകാരണ സഹിതം വിശദീകരിക്കപ്പെടുന്നുവെന്നും ഉറപ്പു വരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 34/12.08.2024.

**1-28 തൊഴിലുറപ്പ് പദ്ധതി മെറ്റീരിയൽ പർച്ചേസ് -സ്രോതസ്സിൽ നിന്നും നികുതികൾ കുറവു ചെയ്യുന്നില്ല.**

2017 ലെ സെൻട്രൽ ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, 2017 ലെ കേരള സ്റ്റേറ്റ് ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs ന്റെ 13.09.2018 ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018 ലെ സർക്കുലർ നം 65/39/2018-DOR എന്നിവ പ്രകാരം 2018ഒക്ടോബർ 1 മുതൽ 2,50,000 രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി. സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. കൂടാതെ 1961 ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ തുക കരാറുകാരന് പേമെന്റ് നടത്തുമ്പോൾ 1% തുക (സ്ഥാപനങ്ങളിൽ നിന്നും 2%) സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതാണ്.

എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ നിർവഹണവുമായി ബന്ധപ്പെട്ട് 2023-24 വർഷം സാധന സാമഗ്രികൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. ടെണ്ടർ നടപടികളിലൂടെ തെരെഞ്ഞെടുത്ത കാരറുകാർ മുഖേനയാണ് സാധനങ്ങൾ വാങ്ങിയത്. എന്നാൽ കരാറുകാർക്കുള്ള പേമെന്റ് നടത്തിയപ്പോൾ നിയമങ്ങൾ പ്രകാരം ഈടാക്കേണ്ട നികുതികൾ ഈടാക്കിയിട്ടില്ല. തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 30.07.2019 ലെ സർക്കുലറിലെ നിർദ്ദേശം പാലിച്ച് ജി.എസ്.ടിയും, ആദായ നികുതി നിയമപ്രകാരമുള്ള ആദായ നികുതിയും കണക്കാക്കി കരാറുകാരിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പുകളിൽ ഒടുക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | മെറ്റീരിയൽ ലിസ്റ്റ് നമ്പർ, തുക | | ഈടാക്കേണ്ടിയിരുന്ന ജി.എസ്.ടി<br>1% SGST<br>1% CGST | ഈടാക്കേണ്ടിയിരുന്ന ആദായ നികുതി |
|---|---|---|---|---|---|
| 1 | 3-CONSTRUCTION OF FOOT BRIDGE AT BEERANGOLE(1601002004/AV/282115)<br>വെണ്ടർ- വാരിജാക്ഷൻ.കെ | ML-4441/02.06.2023 | 198826 | 0 | 1988.26 |
| 5 | 11- MULLERIA PARAKATTA ROAD CONCRETE(1601002004/RC/373009)<br>വെണ്ടർ- വാരിജാക്ഷൻ.കെ | ML-4427/22.05.2023 | 399353 | 7987.06 | 3993.53 |
| 6 | 4-LAKSHAMVEED COLONY ROAD CONCRETE(1601002004/RC/373010) | ML-4435/16.09.2023 | 271927 | 5438.54 | 2719.27 |

| | | | | | |
|---|---|---|---|---|---|
| | വെണ്ടർ- കൃഷ്ണൻ കോളിക്കാൽ | | | | |
| 8 | 1 - GOWRIYADKA TO KOLIKKAJE ROAD CONCRETE(1601002004/RC/379425)<br>വെണ്ടർ- വാരിജാക്ഷൻ.കെ | ML-2465/04.05.2023 | 412672 | 8253.44 | 4126.72 |
| 9 | 2 - NECHIPADAPU TO NARAMPADY ROAD CONCRETE(1601002004/RC/379426)<br>വെണ്ടർ- വാരിജാക്ഷൻ.കെ | ML-4084/15.06.2023 | 412305 | 8246.1 | 4123.05 |
| 10 | 3 - MULLERIA ADKAM TO KARIMBUVALAPPU ROAD CONCRETE(1601002004/RC/379427)<br>വെണ്ടർ- വാരിജാക്ഷൻ.കെ | ML-2470/20.04.2023 | 409397 | 8187.94 | 4093.97 |
| 11 | 4 - MULLERIA ALANTHADKA TO AROOTUMOOLA ROAD CONCRETE(1601002004/RC/379428)<br>വെണ്ടർ- ഭാസ്കരൻ.കെ.എം | ML-2476/22.05.2023 | 412634 | 8252.68 | 4126.34 |
| 12 | 5 - AMBIKANAGAR TO JAYANAGAR ROAD CONCRETE(1601002004/RC/379429)<br>വെണ്ടർ- ഭാസ്കരൻ.കെ.എം | ML4432/29.07.2023 | 412413 | 8248.26 | 4124.13 |
| 14 | 7 - KUNTAR MAILANKOTA TO MINCHIPADAVU ROAD CONCRETE(1601002004/RC/379432)<br>വെണ്ടർ- ഭാസ്കരൻ.കെ.എം | ML-2473/18.05.2023 | 412519 | 8250.38 | 4125.19 |
| 15 | 8 - MANHANPARA TO MANGALTHONI ROAD CONCRETE(1601002004/RC/379433)<br>വെണ്ടർ- ഭാസ്കരൻ.കെ.എം | ML-4277/20.06.2023 | 412657 | 8253.14 | 4126.57 |
| 16 | 9 - PADIYATHADKA ERIKKALAMOOLA TO KADENGOD ROAD CONCRETE(1601002004/RC/379434)<br>വെണ്ടർ- ഭാസ്കരൻ.കെ.എം | ML-2478/14.07.2023 | 412230 | 8244.6 | 4122.3 |
